ലളിതകഥാമാല

(Approved in 1936)

സംക്ഷേപം ക്ലാസിലേക്കു്

ഗവണ്മെന്റു് 1947—48 ഈ വർഷത്തേക്കു നിശ്ചയിച്ചിട്ടുള്ളതു്.

VIDWAN. V. T. DAVID

V. Sulochana Devi
Class -

ലളിതകഥാമാല

(അഞ്ചാം ക്ലാസിലേക്ക് ശമ്പളങ്ങൾക്ക് 1946–1947-ൽ
നിശ്ചയിച്ചിട്ടുള്ളതു്.)

ഗ്രന്ഥകർത്താ,

വിദ്വാൻ, വി. ഠി. ഡേവിഡ്

കൊല്ലക കരുനാഗപ്പള്ളി

Published by
The Lily Publishing House,
TRIVANDRUM.

ആറാം പതിപ്പ്. കോപ്പി 10,000.

Copy right A. David & Sons
Vidya Thilakam, Karunagappally.

Printed at the Kamalalaya Printing Works
Trivandrum.
1122.

വില ചക്രം 10.

ഗ്രന്ഥകർത്താവിന്റെയും പ്രസാധകന്റെയും മുദ്രയില്ലാത്ത
പ്രതികൾ വ്യാജ നിർമ്മിതമാകുന്നു.

മുഖവുര

വിദ്വാൻ വി. റവി. ഡേവിഡ് അവർകളുടെ 'ഫലിതകഥാമാല' വായിച്ചുനോക്കി. കഥകളും വളരെ ഫലിതങ്ങളാണു്. സത്യം, വിനയം, വിവേകം മുതലായ സൽഗുണങ്ങളുടെ മാഹാത്മ്യത്തെ ഉദാഹരിക്കുന്ന ഈ ചെറുകഥകൾ കുട്ടികൾക്കു് എത്രയും കൗതുക പ്രദമായിരിക്കും. ഈ പുസ്തകത്തിലെ വാക്യങ്ങളും പ്രായേണ ശ്രവണസുഖമുള്ള ചൂണ്ണികകളാണു്. അതൊരു വലിയ മെച്ചംതന്നെ. ആകപ്പാടെ പുസ്തകം വളരെ നന്നായിട്ടുണ്ടു്. മിസ്റ്റർ ഡേവിഡിന്റെ സാഹിത്യപരിശ്രമത്തിനു് ഹൃദ്യാശംസ ചെയ്തുകൊള്ളുന്നു.

(ഒപ്പു്)

കായങ്കുളം,
9—1—112.

കെ. ആർ. കുഞ്ഞുപിള്ള
ബി. എ. ബി. എൽ.

C. Jathmeshwaran Thampi

അഭിപ്രായം

—:*:—

വിദ്യാർത്ഥികളിൽ ധർമ്മബോധവും സന്മാർഗ്ഗപ്രതിപത്തിയും ഉളവാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനു് സൽകഥകൾ വളരെയധികം സഹകരിയ്ക്കും നൽകുമെന്നുള്ളതിനു സംശയമില്ല. ഭാഷാഭ്യസനത്തിനും അവയെ ഉത്തമമാർഗ്ഗമായി ഉപയോഗിക്കാം.

വിദ്വാൻ വി. റ്റി. ഡേവിഡ് അവർകൾ എഴുതിയ 'ലളിതകഥാമാല' എന്ന ചെറുപുസ്തകം ഈ രണ്ടുദ്ദേശങ്ങളുടേയും സാധ്യത്തിനു് ഉപയുക്തമാണു്. മഹാന്മാരുടെ ജീവചരിത്രത്തിൽ നിന്നെടുത്തിട്ടുള്ള യഥാർത്ഥസംഭവങ്ങളെ വിശദീകരിച്ചെഴുതിയിട്ടുള്ള പത്തു് ലളിത കഥകളാണു ഇതിൽ ചേർത്തിരിക്കുന്നതു്. ഈ കഥാഗ്രന്ഥത്തിനു് ബാലികാബാലന്മാരുടെ ഇടയിൽ യാതൊരു പ്രചാരമുണ്ടാകുമെന്നു ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്. കുട്ടികൾക്കു വായിക്കുവാൻ തക്ക മലയാള പുസ്തകങ്ങൾ ഇപ്പോഴും നന്നേ ദുർല്ലഭമായിരിക്കുന്നു. ഈ ന്യൂനത കഴിയുന്നതു പരിഹരിപ്പാൻ നല്ലൊരു സാഹിത്യകാരനായ വിദ്വാൻ വി. റ്റി. ഡേവിഡ് അവർകൾ ചെയ്യുന്ന ശ്രമം ഏറ്റവും അഭിനന്ദനീയമായിരിക്കുന്നു. ന്യായമായ എല്ലാ പ്രോത്സാഹനങ്ങൾക്കും അദ്ദേഹം അർഹനാണു്. അതിനാൽ ഈ ലളിതകഥകൾക്കു് ഞാൻ സർവ്വവിധ വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

ചിങ്ങവനം സൗത്ത് ബാലികാമഠം
ഗേൾസ് ഇംഗ്ലീഷ് സ്കൂൾ,
തിരുവല്ല

(ഒപ്പു്)
റ്റി. കെ. കുരുവിള, B. A. L.T.
ഹെഡ് മാസ്റ്റർ.

വിഷയവിവരം

1 മാതൃക്ഷേത്രനായ പടയാളി

2 അസത്യം കൊണ്ടുണ്ടായ അപത്ത്

3 ധീരനായ കുമാരൻ

4 സത്യസന്ധനായ ഹൊരേഷ്യോ

5 അവിവേകത്തിന്റെ ഫലം

6 ജ്ഞാനമാണ് ശ്രേഷ്ഠം

7 ബാലനായ ജഡ്ജി

8 കർഷകനും ചക്രവർത്തിയും

9 അവളിപ്പെടാത്ത രഹസ്യമുണ്ടോ?

10 പിതാവു് വാശ്രാനം ചെയ്ത നിധി

—:o:—

ലളിതകഥാമാല

1 മാതൃഭക്തനായ പടയാളി

അമ്മമാരുടെ സ്നേഹം എത്ര കണ്ടു് നിഷ്കളങ്കമാണെന്നു പറയേണ്ടതില്ലല്ലോ. 'എന്റെ അമ്മ' എന്നുച്ചരിക്കുന്നതു് എത്രമാത്രം ഉത്സാഹത്തോടും സന്തോഷത്തോടും കൂടിയാണു്. മാതാവു് നമ്മുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടു്, സദാ നമ്മുടെ ഗുണമന്വേഷിച്ചു തത്പരയായിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. മാതൃഭക്തനായി ജീവിച്ച ഒരു പടയാളിയുടെ കഥ പറയാം.

രണ്ടു രാജ്യക്കാർ തമ്മിൽ ഒടിയൂൽ യുദ്ധമാരംഭിച്ചു. ദേശങ്ങളിൽനിന്നു് പ്രായപൂർത്തിയുള്ള എല്ലാ പുരുഷന്മാരും യുദ്ധസ്ഥലത്തേയ്ക്കു പോകുന്നതിനു തയാറായിരിക്കേണമെന്നുള്ള ആജ്ഞ പുറപ്പെട്ടു. അമേരിക്കാ, സ്പെയിൻ ഈ രണ്ടു രാജ്യങ്ങൾക്കും മദ്ധ്യേ സ്ഥിതിചെയ്യുന്ന അറ്റ്ലാന്റിക് മഹാസമുദ്രത്തിൽ വച്ചാണു് യുദ്ധം നടക്കുന്നതു്. രണ്ടു രാജ്യക്കാരും ധാരാളം സൈന്യങ്ങളെ ശേഖരിച്ചു കഴിഞ്ഞു. യുദ്ധത്തിനു പോവാൻ അമേരിക്കയിൽ അസംഖ്യം യുവാക്കൾ അരയും തലയും മുറുക്കി. മറ്റു പലർ വേണ്ട മന്ത്രണങ്ങൾ ചെയ്തു. ഒരു യുവാവു് അമ്മയെ സമീപിച്ചു പറഞ്ഞു. 'അമ്മേ! ഞാൻ യുദ്ധത്തിനു പുറപ്പെട്ടാലും. നമ്മുടെ രാജ്യത്തിന്റെ രക്ഷയ്ക്കായി ഞാൻ ഒരു പടയാളിയാകണം. എന്റെ കൃത്യം ഞാൻ ധൈര്യത്തോടും വിശ്വസ്തതയോടും നിർവഹിക്കുമെന്നു അമ്മ ഉറപ്പിക്കുന്നു. അമ്മ എനിക്കു വേണ്ട ഉപദേശം തരുണം.'

ബാഷ്പം പൊഴിയുന്ന നേത്രങ്ങളോടുകൂടിയ മാതാവു് മകനെ ആലിംഗനം ചെയ്തു് അവർ പുത്രനെ ചുംബിച്ചിട്ടു പറഞ്ഞു. 'വത്സമഹുതാ! വിത്സാ! നീ എട്ടുവും ഗൗരവമുള്ള ഒരു ജോലിക്കായി പോകുന്നു. നീ ഒരു സാമ്രാജ്യസ്നേഹിയാണു്. നിന്റെ കൃത്യം ഉത്തമമാംവണ്ണം നിർവഹിക്കുക. മേലുദ്യോഗസ്ഥന്മാരെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. സദാ ബുദ്ധിപൂർവം വർത്തിക്കണം. സൗകര്യമുള്ള പക്ഷം എഴുത്തയയ്ക്കും. നിന്റെ അമ്മയായ എനിക്കു് നിന്റെ സ്ഥലവിയോഗത്തിൽ ദുഃഖം ഉണ്ടു്; എന്നാൽ അതു നമ്മുടെ രാജ്യനന്മയ്ക്കായിട്ടാണല്ലോ എന്നു വിചാരിച്ചു് ഞാൻ സമാധാനപ്പെട്ടുന്നു കുഞ്ഞു! വിത്സാ! മകനേ! ഒരു വിശ്വസ്തഭൃത്യനായി ജീവിക്കുക. നിനക്കു വേണ്ട എല്ലാ അനുഗ്രഹങ്ങൾക്കുമായി ഈശ്വരനോടു പ്രാർത്ഥിക്കുന്നുണ്ടു്. ഞാനും അങ്ങനെ ചെയ്യും. എന്നാൽ എന്നെ ഓർക്കുന്നതിനു് ഞാൻ ഇതാ ഫോട്ടോ നൽകുന്നു. (വിത്സൻ അതു് സസന്തോഷം വാങ്ങി ചുംബിച്ചു) ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുവാൻ സശ്രദ്ധനായി നില്പുണ്ടു്. (ആ യുവാവു് ഒരു പട്ടാളക്കാരന്റെ മട്ടിൽ നിശ്ചലനായി നിന്നു.) "രാജ്യത്തെ സ്നേഹിക്കുക. ഭരണാധിപനെ അനുസരിക്കുക. വിശ്വസ്തതയോടെ നിന്റെ കൃത്യം നിർവ്വഹിക്കുക. നിന്റെ മാതാവിനെ വിസ്മരിക്കാതിരിക്കുക; ഒടുവിൽ നിന്നെ അനുഗ്രഹിക്കും"

വിത്സൻ നമ്രമുഖനായി. തൽക്ഷണം തന്നെ ജാനുക്കൾ മടക്കി അമ്മയെ സാഷ്ടാംഗപ്രണാമംചെയ്തു പറഞ്ഞു. 'പ്രിയപ്പെട്ട മാതാവേ! അമ്മയേക്കുറിച്ചുള്ള സ്മരണ എന്നെ നേർവഴിക്കു നടത്തും. അമ്മയെ ജഗദീശ്വരൻ കാത്തു് അനുഗ്രഹിക്കട്ടെ.' അയാൾ എണീറ്റു-

കൈലേസെടുത്ത് മകൻ മാതാവിന്റെ കണ്ണീർ തുടച്ചു. അയാൾ താമസം വിനാ നടന്നു. യുവാവ് അമ്മേരിക്കയുടെ ഒരു യുദ്ധക്കപ്പലിലെ പടയാളിയായി. യുദ്ധത്തിനായി വേണ്ട പരിശീലനം ലഭിച്ചിരുന്നതിനാൽ വിത്സനു് യുദ്ധസ്ഥലത്തെയ്ക്കു പോവാൻ താമസം നേരിട്ടില്ല. യുദ്ധത്തിനായി പടക്കപ്പലുകളും നിരന്നു. കൈസന്യാധിപൻ ഉഗ്രമായ ആജ്ഞകളും പുറപ്പെടുവിച്ചു. ശത്രുസൈന്യങ്ങളുടെ കപ്പൽ തവിടുപൊടിയാക്കുന്നതിനു പടയാളികളും ശ്രമമായി. ഒരു യുദ്ധം കഴിഞ്ഞു. ആർക്കും തന്നെ ജയാപജയം ഉണ്ടായില്ല.

വിത്സൻ ഒരു ദിവസം കപ്പലിൽവച്ചു് യുദ്ധപരിശീലനം നടത്തിക്കൊണ്ടിരിക്കവേ, എങ്ങനെയോ അയാളുടെ പുറങ്കുപ്പായം (കോട്ടു്) കടലിൽ വീണു. ചട്ടത്തിനു വിപരീതമായി വിത്സൻ ഉടൻതന്നെ കടലിലേയ്ക്കു ചാടി. അയാൾ സപദം വസ്ത്രം വെള്ളത്തിൽ നിന്നും എടുത്തു. കൈസന്യാധിപന്റെ ആജ്ഞയനുസരിച്ചു് കപ്പൽ ക്ഷണം നിറുത്തി. വിത്സനെ കൂട്ടുകാർ കപ്പലിൽ കയറ്റി. എന്നാൽ അയാളെ ഒരു കുറ്റപ്പുള്ളിയായിട്ടാണു് പരിഗണിച്ചിരിക്കുന്നതു്. മേലുദ്യോഗസ്ഥൻ ആ പടയാളിയെ വിസ്തരിക്കുവാൻ ആരംഭിച്ചു. അദ്ദേഹം പറഞ്ഞു. 'ഒരു കടൽ തെറ്റു ചെയ്താൽ മരണമാണു ശിക്ഷ. നിങ്ങൾ പട്ടാള നിയമത്തിനു വിപരീതമായി അനുസരണക്കേടു കാണിച്ചു; നിയമപ്രകാരം നിങ്ങളെ വെടിവച്ചു കൊല്ലണം. നിങ്ങൾക്കു് എന്തെങ്കിലും സമാധാനം ബോധിപ്പിക്കുവാൻ ഉണ്ടോ? ഉണ്ടെങ്കിൽ ഉടൻ ബോധിപ്പിക്കാം.

വിത്സൻ സാദരം മറുപടി പറഞ്ഞു. 'യജമാനനേ! ക്ഷമിക്കണം. പട്ടാള പരിശീലനവേളയിൽ ഞാൻ അനുവാദം കൂടാതെ കടലിൽ ചാടി. അതു തെറ്റാണെന്നു

സമ്മതിക്കുന്നു. എന്നാൽ ഗത്യന്തരമില്ലാത്തതിനാൽ അങ്ങനെ ഞടിതി പ്രവർത്തിച്ചുപോയതാണു്. പോകുന്നതിൽ എനിക്കുമറവുവാൻ പാടില്ലാത്ത ഒരു കാര്യംകൂടിയുണ്ടു്. എന്റെ അമ്മയെ ഞാൻ മറക്കുകയില്ല. അമ്മയുടെ ഫോട്ടോ കുപ്പായക്കീശയിൽ ഞാൻ സൂക്ഷിച്ചിട്ടുണ്ടു്. (വിൽസൻ ഫോട്ടോ എടുത്തു) ഞാൻ കടലിൽ ഉടനെ ചാടാതിരുന്നെങ്കിൽ ഈ ഫോട്ടോ നഷ്ടപ്പെടുമായിരുന്നു. അതു രക്ഷിക്കുന്നതിനാണു് ദ്രുതഗതിയിൽ ചാടിയതു്. ഇതു് എന്റെ വൃദ്ധയായ മാതാവിന്റെ ഫോട്ടോ ആണു്. ഞാൻ ഒരു സ്വരാജ്യസ്നേഹി; മാതൃഭക്തൻ. മരണപര്യന്തം ഞാൻ വിശ്വസ്ത സേവനം നിർവ്വഹിക്കും. എന്റെ മാതാപിതാക്കൾ ഇക്കാര്യങ്ങളെ എന്നെ പഠിപ്പിച്ചിട്ടുള്ളതു്. എന്റെ തെറ്റു് ക്ഷന്തവ്യമായി വിചാരിച്ചു് ഞാൻ ക്ഷമാപണം ചെയ്യുന്നു. അല്ല, മാതൃഭക്തനായ ഞാൻ നിയമപ്രകാരം മരണശിക്ഷയനുഭവിക്കുന്നതിനും സന്നദ്ധൻ തന്നെ.

പട്ടാളമേധാവി പ്രതിവചിച്ചു. 'യുവാവേ നിയമപ്രകാരം നിങ്ങളെ ശിക്ഷാർഹൻതന്നെ. എന്നാൽ മാതൃഭക്തി നിങ്ങളെ മരണത്തിൽ നിന്നും വിമുക്തനാക്കിയിരിക്കുന്നു. എന്തെന്നാൽ മാതൃഭക്തനായ ഒരാൾ ഒരു സ്വരാജ്യസ്നേഹിയായിരിക്കും. ഇന്നു മുതൽ നിങ്ങൾക്കു് ഒരു മാസത്തെ അവധി നൽകിയിരിക്കുന്നു. നിങ്ങൾ ഉടനെ സ്വദേശത്തേയ്ക്കു പോകണം. മാതൃഭക്തി നിമിത്തം മരണത്തിൽ നിന്നു നിങ്ങൾ രക്ഷപ്പെട്ടു' എന്നുള്ള സുപ്രാത്ത വൃദ്ധയായ മാതാവിനെ ഗ്രഹിപ്പിക്കുക. മടങ്ങിയെത്തുമ്പോൾ നിങ്ങൾ ഒരു പട്ടാളക്കാരനായിരിക്കുകയില്ല; ഒരു പട്ടാള രേഖുദ്യോഗസ്ഥനായി ഭൂമിയിൽ ജീവിതം നയിക്കുക. നിങ്ങൾക്കു് ശുഭം ഭവിക്കട്ടെ.

വിൽസൻ തന്നെ സന്തോഷിച്ചു. അമ്മയുടെ ഫോട്ടോ അനാവരണം ചെയ്യുന്നതു കണ്ടുകൊണ്ടു നോക്കി. മാതാവിന്റെ ഉപദേശങ്ങൾ കടന്നുവന്നതായി ആ യുവധീരൻ സ്മരിച്ചു. മകൻ മാതാവിനെ യഥാകാലം സന്ദർശിച്ചിട്ട് കൃത്യ സമയത്തു തിരിച്ചും ആ കപ്പലിലെത്തി പുതിയ ജോലി സ്വീകരിക്കുകയുണ്ടായി. സ്പെയിൻകാർ ആ സമയം അതികഠിനമായി യുദ്ധം ചെയ്യുന്നുണ്ടായിരുന്നു. സ്വരാജ്യമായ അമേരിക്കയെ ശത്രുക്കളുടെ ഭയങ്കരമായ ആക്രമണത്തിൽ നിന്നു രക്ഷിപ്പാൻ വിൽസൻ ഗീർവ്വാണ പ്രയത്നം ചെയ്തു. അവ സാനയുദ്ധമായി. ശത്രുക്കൾ ജയിക്കുമെന്നുള്ള നിലയിലെത്തി. തന്റെ രാജ്യത്തിന്റെ അഭിമാനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി വിൽസന്റെ സൈന്യം വീറോടെ യുദ്ധം ചെയ്തു. ശത്രുക്കൾ പരാജിതരാകുമെന്നുള്ള ദിക്കായപ്പോൾ അവർ വിൽസന്റെ നേർക്ക് പിന്തിരിഞ്ഞു നിറയൊഴിച്ചു. ഉണ്ട കൾ ആ മാതൃഭക്തനായ പട്ടാളയുദ്യോഗസ്ഥന്റെ മേൽ തറഞ്ഞു. യുദ്ധത്തിൽ അമേരിക്കർ ജയിക്കയുണ്ടായി.

'വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ'
വന്ദിപ്പിൻ വരേണ്യയേ, വന്ദിപ്പിൻ വരദയെ'

2 അസത്യം കൊണ്ടുണ്ടായ ആപത്ത്

യൂറോപ്പു ഭൂഖണ്ഡത്തിലെ ഒരു പ്രധാന രാജ്യമാണ് ഫ്രാൻസ്. മുമ്പ് അവിടെ ഒരു രാജാവു ഭരിച്ചിരുന്നു. അദ്ദേഹത്തെ സന്ദർശിക്കുന്നതിന് ഒരു നാട്ടുവഴി ചെല്ലുകയുണ്ടായി. അതിഥിയെ യഥായോഗ്യം സ്വീകരിച്ച് വേണ്ടപോലെ സല്ക്കരിക്കുന്നതിന രാജാവ് നേരത്തെ സകല ഒരുക്കൂട്ടുകളും ചെയ്തിരുന്നു. അവസ്ഥാനനഗരിയായ പാരീസിലെ തെരുവീഥികളെല്ലാം അലങ്കരിച്ചു ജനങ്ങൾ

രാജകല്പനയനുസരിച്ച് നാടുവാഴിയെ സ്വീകരിക്കുവാൻ സന്നദ്ധരായി യഥാകാലം അദ്ദേഹം സമാഗതനായി. ജനങ്ങൾ അദ്ദേഹത്തെ സാന്തോഷം സ്വീകരിച്ചു. ആചാരവെടികൾ വയ്ച്ചു് രാജാവു് ബഹുമാന്യാതിഥിയെ ബഹുമാനിച്ചു. നാടുവാഴി കുറച്ചുവട്ടം അവിടെ താമസിക്കേയുണ്ടായി.

പാരീസു് നഗരത്തിലെ പലതരം കാഴ്ചകൾ കാണുന്നതിനു് അദ്ദേഹം കല്പിയ്ക്കയും പ്രദർശിപ്പിച്ചു. പട്ടണത്തിലെ പ്രധാനകച്ചേരികൾ, വ്യവസായശാലകൾ, വിനോദസ്ഥലങ്ങൾ, കാഴ്ചബംഗ്ലാവു്, ചിത്രശാല, പുരാതനകോട്ട, മഹാന്മാരായിരുന്ന മർച്ചപോയ കവികൾ, യുദ്ധവീരന്മാർ, ശാസ്ത്രജ്ഞന്മാർ, മന്ത്രിവര്യന്മാർ തുടങ്ങിയുള്ളവരുടെ ശവകുടീരങ്ങൾ, അതിവിശേഷമായ ഗ്രന്ഥശാലകൾ, പട്ടാളക്കാരുടെ താവളസ്ഥലങ്ങൾ, ചരിത്രപ്രസിദ്ധങ്ങളായ പള്ളികൾ എന്നുവേണ്ടാ ആ രാജ്യത്തെ എല്ലാ പ്രധാന സ്ഥാപനങ്ങളും കണ്ട് നാടുവാഴി അതിയായ സന്തുഷ്ടനായി. ആ രാജ്യത്തെ ഭരണ രീതിയും രാജാവിന്റെ പ്രവർത്തനങ്ങളും തൃപ്തികരമാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ഒടുവിൽ നാടുവാഴി സന്ദർശിച്ചതു് അവിടത്തെ പ്രധാന ജയിലാണു്.

നാടുവാഴി മയോലുവും ഉയർന്ന ഉദ്യോഗസ്ഥനും ആയിരുന്നു. സാധുക്കളായ അന്തേവാസികളോടു് അദ്ദേഹം അനുകമ്പയോടുകൂടിത്തന്നെയാണു് പെരുമാറിയതു്. നാടുവാഴി സന്ദർശിക്കുന്നു. എല്ലാ രാജ്യങ്ങളിലെയും ജയിലുകൾ കഴിയുന്നതും സുഖകരവും സുഖവും ഉള്ളതാക്കിത്തീർക്കുവാൻ അദ്ദേഹം അഭിപ്രായപ്പെടുകപതിവാണു്. പ്രസ്തുത ജയിലും നാടുവാഴി സന്ദർശിക്കുമെന്നു് രാജാവിനറിയാമായിരുന്നു. അവിടെ വേണ്ട പരിഷ്കാരങ്ങളെല്ലാം വരുത്തിയിട്ടുണ്ടു്.

മാത്രമല്ല, അദ്ദേഹത്തിന്റെ സന്ദർശനഫലമായി ഏതാനും പേരെ മോചിപ്പിക്കുമെന്നും തടവുപുള്ളികൾ ശ്രദ്ധിച്ചു. ജയിലധികൃതന്മാർ നാടുവാഴിയെ സംതൃപ്തിപ്പെടുത്തുന്നതിനു വേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. സമയമായി. രാജാവിനോടൊന്നിച്ചാണ് നാടുവാഴി ജയിൽസന്ദർശനത്തിനു പുറപ്പെട്ടിട്ടുള്ളത്. തടവുപുള്ളികൾ സന്തുഷ്ടമാനസന്മാരായി. 'എന്നെ മോചിപ്പിക്കും.' 'എന്നെ, എന്നെ' എന്നിങ്ങനെ അവർ ചിന്തിക്കുകയാണ്. നാടുവാഴി ഒരു തടവുപുള്ളിയെ സമീപിച്ചു ചോദിച്ചു. നീ ഇവിടെ വരുവാൻ കാരണമെന്തു?'

തടവുപുള്ളി—അയ്യോ! തിരുമേനി, അടിയൻ അയല്പക്കാരനെ കൊന്നു എന്ന് ഒരു കള്ളസാക്ഷ്യമുണ്ടാക്കി തിക്കിപ്പിച്ചു. അടിയൻ യാതൊരു തെറ്റും ചെയ്തില്ലേ. ഒയതോന്നിയിട്ടുവിക്കണേ!

രണ്ടാമനെ സമീപിച്ചു ചോദിച്ചതിനു തടവുപുള്ളി മറുപടിപറഞ്ഞു. 'കടത്തിന്റെ പുരയ്ക്ക് തീവച്ചു എന്ന് വ്യാജം പറഞ്ഞു എന്റെ ശത്രു എന്നെ ശിക്ഷിപ്പിച്ചു. അടിയൻ മനസാ വാചാ കർമ്മണാ തെറ്റു ചെയ്യുന്നവനല്ല; ഒരു തെറ്റും ചെയ്തിട്ടുമില്ല; സത്യം. തിരുമേനി! എന്നെ വിട്ടുവിക്കണേ! ഞാനൊരു സാധു.'

മൂന്നാമത്തവനോടു ചോദിച്ചതിനു അടിയന്റെ പേരിൽ പോലീസുകാർ ഒരു കള്ളനാണയക്കേസുണ്ടാക്കി ഒരു വലിയ തുക കൈക്കൂലി കൊടുക്കണമെന്നാവശ്യപ്പെട്ടു. ഞാനോ നിർധനൻ. പൊന്നുതിരുമേനി! കല്പിച്ചു ക്ഷമിക്കണേ! ശത്രുക്കളും അസൂയാകുക്ഷികളുമായ ചിലർ കള്ളസ്സാക്ഷിയെഴുതി. അങ്ങനെ ചിലരുടെ മനഃപൂർവ്വവിരോധം കൊണ്ടുമാത്രമാണ് ഈ നരകജീവിതം അനുഭവിക്കുന്നത്. ദയചെയ്തു വിട്ടുവിക്കണേ! അടിയനൊരു സാധു.'

നാട്ടുവാഴി നാലാമനെ സമീപിച്ചു ചോദിച്ചു. 'നീ എങ്ങനെ ഇവിടെവന്നു?'

തടവുപുള്ളി. (ഗദ്ഗദമുഖനായി) തിരുമേനീ! അടിയൻ ഭയങ്കരമായ ഒരു തെറ്റു ചെയ്തു. ഒരാളെ കൊന്നു. പല തവണ വസ്തുക്കൾ മോഷ്ടിച്ചു. ന്യായമായി ശിക്ഷിക്കപ്പെട്ടു. ഈ ശിക്ഷ അടിയൻ അനുഭവിക്കേണ്ടതാണു്.

സന്ദർശനം കഴിഞ്ഞു് നാട്ടുവാഴിയും രാജാവും മടങ്ങിയുടനെ വലിയ ബഹളമാണു് 'ഞാൻ നല്ലയുക്തിയായി മറുപടി പറഞ്ഞു.' 'നാക്കുള്ളവനെ തൂക്കുകയില്ല.' 'കൊക്കാൻ പഠിച്ചാൽ നിൽക്കാൻ പഠിക്കണം.' 'നാട്ടുവാഴി എന്നോടു വാക്കു് സത്യമെന്നതന്നെ ധരിപ്പിച്ചിട്ടുണ്ടു്. എന്നെന്നേക്കുമായി രക്ഷിക്കും' എന്നിങ്ങനെ തടവുകാർ സംസാരിക്കുന്നു. കുറേ സമ്മതിച്ചവരെ അപരന്മാർ അപഹസിക്കുകയായി. അവസ്ഥ യാതൊരു രക്ഷയുമില്ലെന്നു് മറ്റുള്ളവർ വിധിച്ചുകഴിഞ്ഞു. സത്യം പറഞ്ഞതിനാൽ ഒന്നായെപ്പേടേണ്ടതില്ലെന്നു് ആ തടവുപുള്ളി നിശ്ചയിച്ചു.

അന്നു് സായാഹ്നത്തിൽ തടവുകാർക്കു മൃഷ്ടാന്നഭോജനം നൽകുന്നതിനു രാജാവു കല്പിക്കുണ്ടായി. അതിലേയ്ക്കുള്ള ഒരുക്കം പുരോഗമിച്ചു. ചതുർവിധ വിഭവങ്ങളോടുകൂടിയ സദ്യ കഴിഞ്ഞു. തടവുപുള്ളികളെ അർഹവൃത്തികാരമായ ഇരുമ്പുതാത്തിലിരുത്തി. രാജാവും നാട്ടുവാഴിയും വീണ്ടും അവരെ ദർശിച്ചു. ഓരോ തടവുപുള്ളിയും ചിന്തിക്കുകയായി. 'ഭംഗിയായി ഞാൻ എന്റെ കാര്യം ബോധിപ്പിച്ചിട്ടുണ്ടു്.' 'ഞാൻ നിർഭയമായിവസ്തുതകൾ ഗ്രഹിപ്പിച്ചു.' 'എന്റെ മറുപടി യുക്തിയുക്തമാണു്.' 'ഞാൻ പൂർവ്വാപരവിരുദ്ധമായി യാതൊന്നും പറഞ്ഞിട്ടില്ല.'

ഒടുവിൽ നാടുവഴി പ്രസ്താവിച്ചു: 'നിങ്ങൾ ഈ രാജ്യത്തിന്റെ പല ഭോഗങ്ങളിൽ നിന്നു ശിക്ഷിക്കപ്പെട്ടു് ഇവിടെ തടവുകാരായി താമസിക്കുന്നു. തെറ്റു ചെയ്യുന്നതിനു മുതിരുന്നതു് ഒരുവക മാനസികരോഗംകൊണ്ടാണു്. പലരും പിന്നെയും പിന്നെയും വ്യാജം പറയുന്നു. ഈ രാജ്യത്തു് നീതിന്യായ പരിപാലനത്തിനു ചെയ്തിട്ടുള്ള ഏർപ്പാടുകൾ അത്യന്തം തൃപ്തികരമായിട്ടുണ്ടു്. നിർഭാഗ്യവശാൽ ജയിൽ വാസം അനുഭവിക്കാനിടവരുന്നവരുടെ സുഖസൗകര്യാദികളെ ഉദ്ദേശിച്ചു് ഇവിടെ വേണ്ടതെല്ലാം ചെയ്യുകാണുന്നു. നീതിന്യായതല്പരനായ ഒരു രാജാവു് നിങ്ങളെ ഭരിക്കുന്നു എന്നുള്ളതു് എത്രയും പ്രശംസനീയമാണു്. ന്യായമായി ശിക്ഷ അനുഭവിക്കുന്നു എന്നും, അതു ഗൗരവമായ തെറ്റു ചെയ്തതിനാലുള്ള അനുഭവമാണെന്നും മുക്കാംപേരെങ്കിലും സമ്മതിക്കുന്നു. നിങ്ങളിൽ പലരും നമ്മുടെ ചോദ്യത്തിനു് കരുപ്പിൽ കോടതിയോടെന്നവണ്ണം സങ്കടം ബോധിപ്പിച്ചു എന്നതോന്നി. കരാർമാത്രം സത്യംപറഞ്ഞു. ചിലർ തെറ്റിനെ മനഃപൂർവം മറച്ചു. ചിലർ വീണ്ടും വ്യാജംപറഞ്ഞു. മറ്റുചിലർ യുക്തിയുക്തമായി തെറ്റിനെ മറയ്ക്കുവാൻ ശ്രമിച്ചു. ഞാൻ നിങ്ങളുടെ മൊഴികൾ ശ്രദ്ധിച്ചുകേട്ടു. മുഖഭാവം പരിശോധിച്ചു. ഹൃദയത്തിന്റെ യഥാർത്ഥ്യമായ വെളിപ്പെടുത്തുന്ന ഭാവങ്ങൾ മുഖം. പലരും വ്യാജം പറയുകയാണെന്നു് എനിക്കു തെളിവായി കാണാമായിരുന്നു. അതിനാൽ സത്യസന്ധന്മാരും നിരപരാധികളും എന്നു ഭാവിക്കുന്ന നിങ്ങളോടെന്നിച്ചു് സത്യം പറഞ്ഞ തടവുപുള്ളിയെ താമസിപ്പിക്കുന്നതു ശരിയായിരിക്കുകയില്ല. എന്തെന്നാൽ അയാളെ സംബന്ധിച്ചേടത്തോളം ശിക്ഷയുടെ ഉദ്ദേശം സാധിച്ചുകഴിഞ്ഞു. അയാളെ നിങ്ങളിൽ നിന്നും വേർതിരിക്കേണ്ടതു് അത്യാവശ്യമാണു്.

ഇപ്പോൾ 'അസത്യംകൊണ്ടുണ്ടായ ആപത്ത്' എത്രത്തോളമെന്നു നിങ്ങൾക്കു ബോദ്ധ്യമായെന്നു വിചാരിക്കുന്നു. സഭയിൽ ആപത്തിലേയ്ക്കു നയിക്കുന്നു. അസത്യം ദോഷഫലത്തെ ക്ഷണിച്ചുവരുത്തുന്നു. സത്യസന്ധത ആപത്തിൽ ആനന്ദം നൽകുന്നു, (അദ്ദേഹം ആസനസ്ഥനായി)

രാജാവ് ഉത്സാഹം ഭാവിച്ചു പറഞ്ഞു. 'അസത്യം കൊണ്ടുണ്ടായ ആപത്ത്' എന്താണെന്ന് നിങ്ങളെ ബോദ്ധ്യമാക്കുന്നതിന് ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് നാം വിചാരിക്കുന്നു. ബഹുമാന്യനായ അതിഥിയുടെ അഭിലാഷമനുസരിച്ച് സത്യവാദിയായ തടവുപുള്ളിയെ മോചിപ്പിക്കുന്നതിന് നാം കല്പിക്കുന്നു. നാട്ടുവാഴി നൽകിയിട്ടുള്ള ഉപദേശം തടവുപുള്ളികൾ മാത്രമല്ല, നമ്മുടെ പ്രജകളും എപ്പോഴും ശിരസാവഹിച്ച് ജീവിതം നയിക്കേണ്ടതാണ്. അങ്ങനെയുള്ളവർക്ക് മാത്രമേ നന്മയുണ്ടാവൂ'

സത്യസന്ധനായ തടവുപുള്ളിയെ മോചിപ്പിച്ചു. അന്നാട്ടിലെ എല്ലാവരും സന്തുഷ്ടരായി മടങ്ങി. ഈ വാർത്ത രാജ്യനിവാസികളെ അകമാനം സന്തോഷിപ്പിച്ചു.

—:*:—

3. ധീരകുമാരൻ

—:o:—

350 കൊല്ലങ്ങൾക്കു മുമ്പ് 'വെർജിനിയാ' എന്ന സ്ഥലത്തു വച്ചു നടന്ന രസാവഹമായ സംഭവമാണ്. അവിടെ അഗതിയായ ഒരു സ്ത്രീ താമസിച്ചിരുന്നു. അവരുടെ മകൻ സഖാക്കളോടൊന്നിച്ചു കളിക്കുന്നതിനായി അടുത്തുള്ള പുഴയിലേയ്ക്കുപോയി. പുത്രനെ പ്രതീക്ഷിച്ച് അമ്മ സമയം പോക്കി. ബാലൻ അവിടെയെത്തിയപ്പോയിട്ട് മണിക്കൂർ

രണ്ടു കഴിഞ്ഞു. ഇനിയും മടങ്ങിയെത്തിയില്ല. അയാൾ വല്ലാതെ കലിച്ചുകൊണ്ടിരിക്കവേ, ആറിൽ വീണ് അപകടനിലയിലായി എന്നുള്ള ദുസ്സൂചനാത്മക അമ്മ ശ്രുതിച്ചു. ആ സ്ത്രീ വ്യസനാക്രാന്തനായി ത്വടിതി ഓടി ആറുതീരത്തെത്തി. അസംഖ്യം ആളുകൾ ആ ദയനീയ സംഭവം നോക്കിക്കൊണ്ടു് അവിടെ നില്പുണ്ടു്. സ്ത്രീയാതൊരാലോചനയും ക്ലേശത്തെ ആറിലേയ്ക്കു ചാടുവാൻ ബാലപ്പെട്ട സമീപസ്ഥർ അവരെ ആ സാഹസത്തിൽനിന്നു വിരമിപ്പിക്കുവാൻ ഉദ്യമിക്കുകയുണ്ടായി. സ്ത്രീ ഉച്ചത്തിൽ നിലവിളിച്ചു. അവർ മാറത്തടിച്ചു നിലവിളിച്ചുകൊണ്ടു് കരുണാന്തരയെപ്പോലെ കഴിഞ്ഞു. ക്രൂരക്കുട്ടി പുത്രന്റെ പേരു് വിളിച്ചുകൊണ്ടു് സ്ത്രീ ആറിലേയ്ക്കു നോക്കി. വീണ്ടുമാറിലേയ്ക്കു ചാടാൻ അവർ ഉദ്യമിച്ചു. ഗത്യന്തരമില്ലെന്നായപ്പോൾ ആളുകൾ അവരെ ഒരു മരത്തിന്മേൽ കെട്ടി. സാധുവായ സ്ത്രീയുടെ വിലപനസ്വനം ആകാശമണ്ഡലത്തിൽ മുഴങ്ങി.

ആളുകൾ സംഭവവാർത്ത ഗ്രഹിച്ചു് എത്തിക്കൂടി. സ്ത്രീയുടെ വിലപനഹേതുവും ബാലന്റെ ദയനീയവാർത്തയും ഗ്രഹിച്ചു് ജനക്കൂട്ടത്തിൽ നിന്നു് ഒരു യുവാവു് മുന്നോട്ടടുത്തു. അയാൾ ആറിലേയ്ക്കു ചാടി. ഉഗ്രമായ ഒഴുക്കാണു്. ചിലർ അയ്യാളെ അപഹസിച്ചു. കരയ്ക്കു കയറുവാൻ നിർബന്ധപൂർവ്വം ചിലർ വിളിച്ചുപറഞ്ഞു. 'ക്രൂരസോദരൻ മരിക്കാറായി; ഞാൻ പോയി രക്ഷിക്കട്ടെ' എന്നു യുവാവു് അട്ടഹസിച്ചു. ആ കുമാരൻ അതിനു മുമ്പു ചെയ്തിട്ടുള്ള ചില വീരകൃത്യങ്ങൾ ചിലർ പറയുകയുണ്ടായി 'ധീരനായ കുമാരനാ ഇവ പുറപ്പാട്' അത്ര ബുദ്ധിയല്ലെന്നു മറ്റു ചിലർ പ്രസ്താവിച്ചു. നീന്തി താണു പോകുന്നതുകണ്ടു് ചിലർ അയാൾക്കു് വിജയമാശംസിക്കുകയുണ്ടായി. കുറേദൂരത്തു് ഒഴുക്കിൽ വീണശേഷം

കുഴക്കിപ്പോകുന്നതു് അയാൾ കണ്ടു. അപകടകരമായ ഒരു ചുഴലിയിൽ ആ ബാലൻ അകപ്പെട്ടു. പൊങ്ങിയും താണും കഴിയുന്ന ബാലന്റെ സ്ഥിതി അപകടകരമാണെന്നു ധീരനായ യുവാവു് ഊഹിച്ചു. ധീരകുമാരൻ ആഞ്ഞുനീന്തിയടുത്തു. അയാൾ ഒരു നീന്തുവിദഗ്ദ്ധനായിരുന്നു. 19 വയസ്സു് പ്രായമുണ്ടായിരുന്ന ആ യുവാവു് നല്ല ബലിഷ്ഠകായനാണു്. അതിനാൽ ഏതുവിധമാണു് ആ ആപൽസന്ധിയിൽ വർത്തിക്കേണ്ടതെന്നു് അയാൾക്കു നിശ്ചയമുണ്ടായിരുന്നു.

ധീരകുമാരനും ചുഴലിയിൽ അകപ്പെട്ടു. അയാളെയും കാണാതെയായി. ജലാവലി പല വിധത്തിൽ അഭിപ്രായഭേദിമുഴക്കുന്നു. രണ്ടുപേരുടെയും പ്രാണൻ അപകടത്തിലാണെന്നു് എല്ലാവരും നിശ്ചയിച്ചു കഴിഞ്ഞു. പെട്ടെന്നു് ധീരകുമാരൻ വെള്ളത്തിൽ പൊന്തിക്കോക്കി. ഒരു വള്ളത്തിൽ വീണ ബാലന്റെ തലയുയർന്നുകണ്ടു. യുവാവു് അങ്ങോട്ടെ അതുഞ്ഞെത്തി; എങ്കിലും ബാലനെ പിടികിട്ടിയില്ല. വീണ്ടും കുട്ടിയുടെ ദേഹം പ്രത്യക്ഷപ്പെട്ടു. ആ ലക്ഷ്യം നോക്കി യുവാവു സമീപിച്ചു: കഷ്ടം! അപ്പോഴും പിടികിട്ടിയില്ല. മൂന്നാം പ്രാവശ്യം കുട്ടി പൊങ്ങി. തൽക്ഷണം യുവാവു് അടുത്തു 'പിടിക്കേണ്ട; രണ്ടുപേരും തുലയും; ഭോഷത്തം കാണിക്കാതെ കരയ്ക്കു കയറു' എന്നിങ്ങനെ കരയിൽ നിന്നുള്ള ശബ്ദം കേൾക്കാം. ചുഴലിയുടെ ശക്തിയില്ലാത്ത സ്ഥലത്തെത്തി. ബാലൻ അയാളെ കേറിപ്പിടിച്ചു രണ്ടുപേരും അപകടത്തിലാവാതെയിരിക്കത്തക്കവണ്ണമാണു് യുവാവു വർത്തിക്കുന്നതു്. അയാൾ കരയിലേക്കു നോക്കി. ജനങ്ങൾ തീരത്തിലൂടെ അനുഗമിക്കുന്നുണ്ടു്. അവർ ഇതികർത്തവ്യതാമൂഢരായിക്കഴിഞ്ഞു. ഒരു വള്ളംപോലും കൊണ്ടുചെല്ലുവാൻ അവർക്കു കഴിഞ്ഞില്ല. ഒരു വള്ളത്തിൽ വീണ ബാലനും സാമാന്യം

നിന്നുവശമണ്ണായിരുന്നു. ധീരകുമാരന്റെ വാക്കുകൾ കേട്ടു ബാലൻ വർത്തിച്ചു. ഭ്രമമായി അവർ ഒഴുക്കുതാണു, ഒഴുക്കിനെതിരായി നീന്തിയാൽ ശ്രമമെല്ലാം കല രേഖപോലെ കലാശിക്കുമെന്നു് അയാൾക്കറിയാമായിരുന്നു.

രണ്ടുപേരുടെയും കഥകഴിഞ്ഞു എന്നു വിചാരിച്ചു ജനത ഉന്മേഷത്തരായി. ധീരകുമാരൻ ബാലനെ കരയ്ക്കുകയറി. പയ്യൻ തീരെ അവശനായിരിക്കുന്നു. ഏറെ നേരം അടുത്തുകൂടി കിടന്നു പോന്നു.

യുവാവു പറഞ്ഞു. 'ഭയപ്പെടൂ' ഉപദ്രവിക്കുന്നതു് ബാലൻ നന്നേ അവശനായിരിക്കുന്നു. നിങ്ങളും ചുറവും കൂടിയാൽ അയാൾക്കു് ശ്വാസോച്ഛ്വാസംചെയ്യാൻ പോലും വഴിയാകുന്നുവും.' അതുകേട്ടു് ചിലർ പരുങ്ങിമായിപ്പറഞ്ഞു. 'ഞങ്ങൾ കൊല്ലാനോ വന്നതു്? ഞങ്ങൾ കരയ്ക്കിറങ്ങി വിളിച്ചു പറഞ്ഞില്ലായിരുന്നെങ്കിൽ കാണാമായിരുന്നു.' 'ബാലന്റെ ദേഹം (ഒരാൾ മറ്റൊരാളോടു) പച്ചവെള്ളം പോലെയിരിക്കുന്നു, മരിച്ചുപോയി; ഛീ! അങ്ങനെ പറയരുതു്: വേണ്ട ശുശ്രൂഷചെയ്യണമോ? ഒരു പക്ഷേ രക്ഷപ്പെട്ടാലോ' എന്നിങ്ങനെ പലരും പലരീതിയിൽ പറയുകയല്ലാതെ മാറിനിന്നില്ല. യുവാവു ബാലനെ താങ്ങിയെടുത്തു് മറ്റൊരു സ്ഥലത്തേയ്ക്കു കൊണ്ടുപോയി. അവരിൽ യോഗ്യനായ ഒരാൾ മനോട്ടം വന്നിട്ടു് 'ക്ഷണം ആസ്പത്രിയിലേയ്ക്കു കൊണ്ടുപോകാം' എന്നുപറഞ്ഞു് അതിലേയ്ക്കു മുതിർന്നു. ഇതിനകം ചില പ്രഥമ ശുശ്രൂഷകരം ചെയ്തുണ്ടായി. ബാലൻ മന്ദമന്ദം 'എ—ൻറ—മ്മ—ാ' എന്നുച്ചരിച്ചു.

അതുകേട്ടു് ഒരാൾ 'ആരെങ്കിലും പോയി ആസ്ത്രീയെ അഴിച്ചുവിടൂ; മകൻ മരിക്കാറായി അവർ കണ്ടുകൊള്ളട്ടെ' എന്നു പറഞ്ഞു. ആരാണു പോകേണ്ടതു്?

എന്നുള്ള ഭാവത്തിൽ അവർ പരസ്പരം നോക്കി. ഒടുവിൽ ആ ബാലൻ ഓടിപ്പോയി അവരെ ബന്ധനവിമുക്തരാക്കി. സ്ത്രീ ഓടിയെത്തി. മകനെകണ്ടു് വാത്സല്യപൂർവ്വം ചുംബിച്ചു. അസ്വസ്ഥി ശ്രുശ്രൂഷകൊണ്ടു് ബാലനെ ബോധമുണ്ടായി. സ്വാർത്ഥപരിത്യാഗിയായ ധീരകുമാരനെ എവരും പ്രശംസിച്ചു. അയാൾ ആരാണെന്നു് അവരും അന്വേഷിച്ചുതുടങ്ങി. ഈ ധീരകുമാരനു് നല്ല ഭാവിയുണ്ടെന്നു് ചിലർ പ്രവചിച്ചു. അതേ, ആ ധീരകുമാരൻ വളർന്നു. മഹാന്മാരുടെ ചെറുപ്പകാലം ഇതുപോലുള്ള സംഭവങ്ങളുടെ ഘോഷരംഗമായിരിക്കുക സാധാരണമാണു്. അതുപോലെ ഈ യുവധീരന്റെയും ചരിത്രാനന്തരകാലത്തു് ഏവരുടേയും ശ്ലാഘാപാത്രമായിത്തീർന്നു. ഒടുവിൽ അദ്ദേഹം അമ്മേരിക്കാ ഭൂഖണ്ഡത്തിന്റെ അഭിമാനമുത്തിയായിത്തീർന്നു. ആ ധീരകുമാരനാണു് അമ്മേരിക്കയിലെ ഒന്നാമത്തെ പ്രസിഡണ്ടായിത്തീർന്ന ജോർജ്ജു് വാഷിങ്ങ്ടൻ എന്ന മഹാൻ. ഇങ്ങനെയുള്ള സംഭവങ്ങളാണു് ജീവിതത്തിലെ ദീപസ്തംഭങ്ങൾ.

—:*:—

4 സത്യസന്ധനായ ഹൊറേഷ്യോ

ഹൊറേഷ്യോയും സോദരനും വിദ്യാഭ്യാസാർത്ഥം ടൗമിക്കിൽ താമസിക്കുകയായിരുന്നു. അവധി കിട്ടിക്കഴിഞ്ഞാലുടൻ അവൻ സ്വദേശത്തു പോകാറുണ്ടു്. ഒരു മഞ്ഞുകാലത്തു് ഇംഗ്ലണ്ടിൽ അതികഠിനമായ ഹിമബാധയുണ്ടായി. തന്നിമിത്തം സഞ്ചാരസൗകര്യം വളരെ കുറഞ്ഞു. അവധികാലം കഴിഞ്ഞെങ്കിലും ആ സോദരന്മാർക്കു് സ്കൂളിൽ പോവാൻ സൗകര്യപ്പെട്ടില്ല. മധ്യേമാർഗ്ഗം മഞ്ഞുകട്ടികൾ ഉണ്ടായിരുന്നു. അതു് ഉരുകിത്തുടങ്ങി

കഴകിപ്പോകാതിരുന്നാൽ യാത്ര ദുർഘടമായിത്തീരും തന്മൂലം അവർ ഗ്രാമത്തിൽ കളിരാത്രന്മാരായി കഴിഞ്ഞുകൂടി. ഒന്നാന്നായി ദിവസം പലതുകഴിഞ്ഞു ക്രമേണ കുട്ടികളുടെ കസ്തൂരി ചിന്തുവിന് ദുസ്സഹമായിത്തീർന്നു. അതിനാൽ എന്തു ചെയ്യേണ്ടു എന്നു വിചാരിച്ചു് അവരുടെ അച്ഛൻ ചിന്താനിമഗ്നനായി. ഒടുവിൽ അവരെ സ്കൂളിൽ അയയ്ക്കുന്നതിനുതന്നെ അദ്ദേഹം നിശ്ചയിച്ചു. താമസംവിനാ അതിലേയ്ക്കു വേണ്ട കരുക്കങ്ങൾ ചെയ്തു. ആ രാത്രിയിലും ദുസ്സഹമായ ഹിമബാധയുണ്ടായി. പള്ളിക്കൂടത്തിൽ പോകേണ്ടതായി വരുകയില്ലെന്നു വിചാരിച്ചു് ഫ്രാറേഷ്യോയും സോദരനും നന്നേ ആഹ്ലാദിച്ചു. എന്നാൽ അവരുടെ പ്രതീക്ഷ വിഫലമായിത്തീർന്നു.

പ്രഭാതമായി; ആകാശം തെളിഞ്ഞു. പുത്രന്മാരെ വിളിച്ചു് അച്ഛൻ പറഞ്ഞു. 'കുഞ്ഞുങ്ങളേ! നിങ്ങൾ അൽപസമയം സമയം നഷ്ടപ്പെടുത്തുന്നു. സമയമാണു് നമ്മുടെ ധനം. അതു് നഷ്ടപ്പെട്ടുതിയാൽ ഒടുവിൽ ധർമ്മസങ്കടം അനുഭവിക്കും. ഹിമബാധ തുടങ്ങുന്നറിയാം. പ്രയാസങ്ങൾ സഹിച്ചു് മുമ്പോട്ടു പോവാൻ ശ്രമിക്കുക. എന്തു വിധമെങ്കിലും പാഠശാലയിലെത്താൻ നോക്കണം. യാതൊരു നിവൃത്തിമാർഗവുമില്ലെങ്കിൽ മടങ്ങിപ്പോരുക. നിവൃത്തിയുള്ള പക്ഷം തിരിയും സ്കൂളിലെത്തുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.'

അച്ഛന്റെ ആജ്ഞാനുസരണം ഫ്രാറേഷ്യോയും സഹോദരനും യാത്ര പുറപ്പെട്ടു. പ്രതിബന്ധങ്ങളൊന്നും വകവയ്ക്കാതെ അവർ മുമ്പോട്ടുപോയി. സഞ്ചാരസൗകര്യം തീരെ കുറവായിരിക്കുമെന്നും അതുകാരണം പറഞ്ഞു് അധികം താമസിയാതെ മടങ്ങിപ്പോകാമെന്നും ഉദ്ദേശി

ച്ചാണു് അവർ ഗൃഹത്തിൽ നിന്നു തിരിച്ചതു്. ഏകദേശം രണ്ടുമൂന്നു നാഴിക ദൂരത്തായി. മുമ്പോട്ടു പോയാൽ യാത്ര ദുർഘടമായിത്തീരുമെന്നു് ജ്യേഷ്ഠൻ ഹൊറേഷ്യോയോടു് തെരുതെരെ പറഞ്ഞു. അയാൾ അതത്ര സമ്മതിച്ചില്ല വീണ്ടും ജ്യേഷ്ഠൻ ഓരോന്നു പറഞ്ഞു്. മടങ്ങിപ്പോവാൻ നിർബന്ധിച്ചു. അപ്പോഴും ഹൊറേഷ്യോ പറഞ്ഞു: 'പ്രതിബന്ധമില്ലെങ്കിൽ' നാം സ്കൂളിലെത്തുമെന്നാണു് അച്ഛന്റെ വിശ്വാസം. വലിയ തടസ്സമൊന്നും ഇനിയും അനുഭവപ്പെട്ടിട്ടില്ല. ക്ലേശം ഉണ്ടാവുമെന്നു ശങ്കിച്ചു് മടങ്ങിപ്പോകാൻ ഞാൻ സന്നദ്ധനല്ല; തടസ്സമുണ്ടെന്നു വ്യാജം പറയാനും എനിക്കു കഴിയുകയില്ല.'

ജ്യേഷ്ഠൻ—മുന്നോട്ടു ഞാനില്ല; നീ പോക്കു. വഴി ദുർഘടം.

ഹൊറേഷ്യോ—സാരമില്ല; നമുക്കു ശ്രമിക്കാം. അച്ഛന്റെ വാക്കു് ചേട്ടൻ കേട്ടില്ലേ. ഞാൻ മുമ്പോട്ടു പോകുകതന്നെ ചെയ്യും.

ജ്യേഷ്ഠൻ—കുറേക്കൂടെ നടന്നിട്ടു് ഞാൻ മടങ്ങും. വഴി ദുർഘടമാണെന്നുള്ളതിന്റെ മാത്രമാണു് ഉണ്ടു്.

ഹൊറേഷ്യോ—എനിക്കങ്ങനെ തോന്നുന്നില്ല; ഇല്ലാത്തതു് ഉണ്ടെന്നു പറയുന്നതു വ്യാജമല്ലേ!

ജ്യേഷ്ഠൻ—നാം പറയുന്നതു് അച്ഛൻ വിശ്വസിക്കും; കള്ളമല്ലല്ലോ: മഞ്ഞു് മൂടിയല്ലേ. പ്രയാസമാണെങ്കിൽ തിരിച്ചു ചെല്ലാൻ പറഞ്ഞിട്ടുണ്ടല്ലോ.

ഹൊറേഷ്യോ—ശരി; 'പ്രയാസമാണെങ്കിൽ' എന്നു പറഞ്ഞിട്ടുണ്ടു്. ഇപ്പോഴും പ്രയാസമില്ലല്ലോ; ഉണ്ടെന്നു പറഞ്ഞാൽ അതു വ്യാജമാവും.

ജ്യേഷ്ഠൻ—ഞാനപേക്ഷിച്ചതു പ്രയാസമില്ലെന്നു്? എന്റെ കാൽ വല്ലാതെ മരവിച്ചു. ഒരടി മുന്നോട്ടു വയ്ക്കുവാൻ വയ്യാ!

ഛോരേഷ്യോ—നാം മുക്കാൽവഴി ദൂരത്തായി. സ്ഫടികശൈലത്തുകയാണു് ഇനിയുമെത്തുവാൻ. കഴിയുന്നത്ര ശ്രമിക്കണം. വീട്ടിലോട്ടു പോകാൻ കാൽപരുപ്പു് ഇല്ലേ?

ജ്യേഷ്ഠൻ—ഞാൻ അപേക്ഷയിൽ ചാടാൻ തയാറില്ല. നീ. വരുന്നെങ്കിൽ വരണം; ഞാൻ പോകയാണു്.

ഛോരേഷ്യോ—ചേട്ടൻ എത്ര സമാധാനം പറയും? മഞ്ഞുകട്ടി ധാരാളം ഉണ്ടായിരുന്നു എന്നോ?

ജ്യേഷ്ഠൻ—അതേ! എന്താണു സംശയം? കണ്ടില്ലേ; വഴിയിലൊരുക്കമഞ്ഞില്ലേ. എനിക്കു് ഒരടി മുന്നോട്ടു വെയ്ക്കാൻ വയ്യാ!

ഛോരേഷ്യോ—ഞാൻ അങ്ങനെ പറയുകയില്ല. 'ശ്രമിക്കണം' എന്നാണു് അച്ഛൻ പറഞ്ഞിട്ടുള്ളതു്.

ജ്യേഷ്ഠൻ—ശ്രമിച്ചില്ലേ; ഉത്സാഹിച്ചിട്ടല്ലേ ഇത്രദൂരം വന്നതു്. ഇനിയും മുന്നോട്ടു വയ്യാ!

ഛോരേഷ്യോ—അധ്വാനിക്കാതെ അധ്വാനിച്ചുവെന്നോ ചേട്ടൻ പറയുന്നതു്? അതു് ആത്മവഞ്ചനയല്ലേ.

ജ്യേഷ്ഠൻ—ഓ! ആത്മവഞ്ചന; ആരറിയാനാണു്?

ഛോരേഷ്യോ—ദൈവമറിയാതെയോ? ആത്മവഞ്ചകന്മാരെ ആരും ഒരിക്കലും വിശ്വസിക്കുകയില്ല.

ജ്യേഷ്ഠൻ—കായ്ക്കും സാധിച്ചാൽ പോരേ.

ഛോരേഷ്യോ—ശ്രമിക്കാതെ ശ്രമിച്ചെന്നു് വ്യാജം പറഞ്ഞിട്ടു നമുക്കു് എന്താണു് സാധിക്കാനുള്ളതു്?

ജ്യേഷ്ഠൻ—യുക്തിപറഞ്ഞു് എന്നെ തോല്പിക്കണ്ടാ; ഞാൻ വരുന്നില്ല. (അയാൾ തിരിഞ്ഞുനിന്നു.)

ഹോറേഷ്യോ ഒരു വളവിലെത്തി തിരിഞ്ഞു നോക്കി. മന്ദമന്ദം ജ്യേഷ്ഠൻ അവനെ അനുഗമിക്കുന്നു എന്നു കണ്ടു് അവൻ വീണ്ടും പുരോഗമനം ചെയ്തു. താമസമെന്യേ ജ്യേഷ്ഠൻ ഓടി അവനെ സമീപിച്ചിട്ടു ചോദിച്ചു. വാധ്യാന്മാർ ഇന്നു നമ്മെ ക്ലാസിൽ കയറ്റുകയില്ല. വൃഥാ നടന്നു ബുദ്ധിമുട്ടുകയാണു്. തിരിച്ചു പോകുന്നതാണു നല്ലതു്. ഹോറേഷ്യോ ചേട്ടനെ നിർബന്ധിക്കുകയാൽ അവർ വീണ്ടും മുന്നോട്ടു നടന്നു. അയാൾ അച്ഛന്റെ വാക്കുകളെ ക്ലേശിച്ചു് ഉച്ചരിച്ചു് സോദരനെ പ്രോത്സാഹിപ്പിച്ചു. ജ്യേഷ്ഠൻ മടങ്ങിപ്പോവാൻ കാരണന്തരം പ്രയോഗിക്കുന്നുണ്ടു്. അനുജന്റെ നിർബന്ധം ഹേതുവാൽ നടന്നു് അവർ സ്ക്കൂളിനോടു സമീപിച്ചു. അവർക്കു് അദ്ധ്യാപകന്മാരിൽനിന്നു ശാസനയുണ്ടാകുമെന്നുള്ള വിചാരം ശക്തമായി. അവർ സ്ക്കൂളിൽ എത്തിയപ്പോഴേയ്ക്കു് അവിടെ ചോദിക്കും തുടങ്ങിക്കഴിഞ്ഞു. അവർ പലവിധ പ്രതിബന്ധങ്ങൾ കടന്നു് സ്ക്കൂളിലെത്തിയതിൽ സന്തോഷിച്ചു് പ്രഥമാധ്യാപകൻ അവരെ അഭിനന്ദിച്ചു. താമസസ്ഥലത്തെത്തി ഭക്ഷണവും വിശ്രമവും കഴിഞ്ഞിട്ടു് ക്ലാസിൽ ഹാജരായി മതിയെന്നു് അദ്ദേഹം ആജ്ഞാപിച്ചു. അവർ വളരെയധികം ബുദ്ധിമുട്ടനുഭവിച്ചുവെങ്കിലും അച്ഛന്റെ വാക്കു് അക്ഷരംപ്രതി അനുസരിച്ചു് അദ്ദേഹത്തിന്റെ പ്രതീക്ഷയെ സഫലമാക്കിയതിൽ അത്യധികം സന്തോഷിച്ചു. ഹോറേഷ്യോ അന്നു് അച്ഛന്റെ പേരു് എഴുതിയ കത്തിൽ ഇങ്ങനെ കാണുന്നു.

"പ്രിയപ്പെട്ട അച്ഛനു്;

ഞങ്ങൾ സമയം സ്ക്കൂളിലെത്തി. വഴിയിലെ മഞ്ഞിന്റെ ഭീകരത്വം സാമാന്യത്തിലധികം ഉണ്ടായിരുന്നു. മടങ്ങിപ്പോവാൻ ചേട്ടൻ വളരെ നിർബന്ധിച്ചു.

സ്ക്കൂളിലേക്കാൻ കഴിയുന്നത്ര ശ്രമിക്കണമെന്ന് അച്ഛൻ പറഞ്ഞല്ലോ. അതോർത്തു് ഞാൻ മുന്നോട്ടു തന്നെ നടന്നു. ഹെഡ്മാസ്റ്റർ, സ്ക്കൂളിലെത്തിയതിൽ തങ്ങളെ വളരേറെ അഭിനന്ദിച്ചു...'.

എഴുത്തു വായിച്ചു്. അച്ഛൻ വളരെ സന്തോഷിക്കുകയും മനപൂർവ്വം അയയ്ക്കുകയും ചെയ്തു. ആ കത്തിൽ മകന്റെ നിസ്സന്ദേഹതയേയും സത്യസന്ധതയേയും ശ്ലാഘിച്ചിരുന്നു. അവനുടെ പഠിത്തം അവസാനിച്ചു.

ഷേക്സ്പിയർ വളർന്നു. ആ യുവാവു് ദുഷ്ചിന്തനം പരിശ്രമിയും ആക്കണമെന്നു് ഇതരന്മാർക്കു് മാതൃകയായി. അയാൾ പട്ടാളത്തിൽ ചേർന്നു. അങ്ങനെകാലത്തു് അദ്ദേഹം ജഗൽപ്രസിദ്ധനായിത്തീരുകയും നിലയിലെത്തി. ഇംഗ്ലീഷുകാരുടെയെന്നല്ല ലോകത്തിന്റെ പ്രധാനപ്പെട്ട പാത്രീഭവിക്കുന്നതിനു് ഒരു സ്ഥാനത്തെയാണു് ഷേക്സ്പിയർ അലങ്കരിച്ചതു്. അദ്ദേഹമാണു് വിശ്വവിശ്രുതനായിത്തീർന്നിട്ടുള്ള ഷേക്സ്പിയർ ജെൽസൻ.

———:o:———

5 അവിവേകത്തിന്റെ ഫലം

—:o:—

ലുവല്ലിൻ നല്ല നായാട്ടുകാരനായിരുന്നു. അയാളുടെ നായാട്ടുപട്ടി ക്രൂരയുള്ള പക്ഷം 'ശിക്കാർ' കേമമായിരിക്കും. ആ ശുനകവർഗ്ഗത്തിന്റെ പേരു് ജിലർട്ടു് എന്നാണു്. 'ജിലർട്ടു്' എന്നുള്ള വിളികേൾക്കുമ്പോൾ വാലു താഴ്ത്തി ചെവിയാട്ടി ആ ശ്വാവു് യജമാനനെ സമീപിക്കും. നായാട്ടു വേളകളിൽ സിംഹത്തുല്യം ശൗര്യം പ്രദർശിപ്പിക്കുകയാൽ വേട്ടക്കാർക്കു് ജിലർട്ടിനോടു് അതിയായ സ്നേഹം ഉണ്ടു്. വീട്ടിലെത്തുമ്പോൾ എത്രമാത്രം ശാന്തനായിട്ടാണു് ജിലർട്ടു് കഴിയുന്നതെന്നു വിചാരിച്ചു

പുലിയുടെ അത്ഭുതപ്പെടുത്തിക്കളഞ്ഞില്ല. 'ജിലർട്ട്' വേട്ടമൃഗങ്ങളിൽ സിംഹം, വിട്ടിലെത്തുമ്പോൾ കണ്ടോട്ടെ" എന്നാണ് അതിനെ പരിചയമുള്ളവർ പറയുക പതിവു്.

ഒരു പ്രാന്തത്തിൽ പുലിയുടെ മുഖം വിഷാദോത്തേജനമുള്ള പുറപ്പാടായി. ബഹളത്തിനിടയിൽ ജിലർട്ടിനെ വിളിക്കുന്ന കാര്യം വിസ്മരിച്ചു. അവന്ന് നായാട്ടു സുമാറായില്ല. അയ്കം താമസിയാതെ പുലിയുടെ സമീപത്തിലെത്തി 'ജിലർട്ട്', ജിലർട്ട്' എന്ന് വിളിച്ചു. അയാളുടെ ശബ്ദം അന്തരീക്ഷത്തെ ശബ്ദായമാനമാക്കിച്ചെയ്തു. നായാട്ടുപട്ടിയെ കാണായ്കയാൽ അയാൾ അമ്പരന്നു. അപ്പോൾ കേൾക്കാം ഒരു മുരൾശബ്ദം. അത്രയുപൂർവ്വമായ ഒരു സംഭവത്തിന്ന് എന്തെങ്കിലും തക്ക ഹേതുവുണ്ടെന്ന് അയാൾ നിശ്ചയിച്ചുകഴിഞ്ഞു. പുലിയുടെ സാവേഗം പുറപ്പാട്ടം നോക്കി; എന്നിട്ടും, ജിലർട്ടിനെ കണ്ടില്ല. അപ്പോഴും മുരൾശബ്ദം കേൾക്കാം. അയാൾ നാലുപാടും നോക്കി താമസം വിനാ ആ ജ്ഞാനവീരൻ യജമാനനെ സമീപിച്ചു. പതിവുപോലെ ആ ജന്തു അത്യധികം സന്തോഷം പ്രദർശിപ്പിച്ചെങ്കിലും പുലിയുടെ ശ്രദ്ധ മറ്റൊരു ദിക്കിലേക്കായി. അയാൾ വേട്ടപ്പട്ടിയെ സൂക്ഷിച്ചുവീക്ഷിച്ചു. അയാളുടെ വ്യാമോഹം അട്ടഹസിച്ചു. പുലിയുടെ വല്ലാതെ വിഷമിക്കുകയുണ്ടായി. 'ജിലർട്ടേ! നിന്റെ ദേഹത്തു ചോരപുരണ്ടല്ലോ എങ്ങനെ?' എന്ന് ഇടറിയ സ്വരത്തിൽ പറഞ്ഞു. അപ്പോഴും ആ പട്ടി സസന്തോഷം കാരോ ചേഷ്ട പ്രദർശിപ്പിച്ചു. എന്നാൽ അയാൾ അതൊന്നും ഗണിച്ചില്ല. വഴിയിലെ ചോരത്തുള്ളി കാണ്മാനുണ്ട്. തന്റെ ഉഴപ്പം ശരിയാണെന്ന് അയാൾക്കു തോന്നി. അയാൾ മന്ദസ്വരത്തിൽ ഉച്ചരിച്ചു. 'കടുവയിന്നു കടന്നതുതന്നെ; സംശയമില്ല.' അയാൾ

ദ്രുതഗതിയിൽ നടന്നു. കുഞ്ഞിനെ കണ്ടില്ല. മുവല്ലിൻ അമ്പരന്നു ജിലർട്ടിനു പേയിളകി എന്നു് അയാൾ സങ്കല്പിച്ചു. വീണ്ടും വേട്ടക്കാരൻ കുഞ്ഞിനെ അന്വേഷിക്കുകയായി. ശിശുവിനെ കണ്ടില്ല മുവല്ലിൻ കോപാന്ധനായിച്ചമഞ്ഞു. അയാളുടെ കോപം വർദ്ധിച്ചു് എന്തു ചെയ്യേണ്ടു എന്നറിയാതെ അയാൾ അങ്ങോട്ടുമിങ്ങോട്ടും നടന്നു. പട്ടി കൂടക്കൂടെ അയാളെ സമീപിക്കുകയായി. തന്നെ കടിക്കാതിരിക്കുമെന്നു ശങ്കിച്ചു് അയാൾ അതിനെ തല്ലാൻ ഓങ്ങിച്ചു. വീണ്ടും പട്ടി അയാളെ സമീപിച്ചു് പതിവുപോലെ അയാളുടെ ദേഹത്തു ചാടിക്കയറുവാൻ ഭാവപ്പെട്ടു. അപ്പോഴേയ്ക്കുള്ള ഭയം ഹേതുവാൽ അയാൾ മുഖംകയായി. പട്ടിയുടെ ശ്രമം വർദ്ധിച്ചുതുടങ്ങി. മുവല്ലിൻ കോപാന്ധനായിത്തീർന്നു. അയാൾ ഉച്ചത്തിൽ പറഞ്ഞു. 'ശ്രോഫീ! നീ എന്റെ കുഞ്ഞിനെ കൊന്നു; എന്നെയും കടിക്കാനോ ഭാവം? നിന്നെ ഞാൻ ഒരു നിമിഷത്തിനുള്ളിൽ തുലയ്ക്കുകതന്നെ ചെയ്യും'

മുവല്ലിൻ വാരം സന്തോഷം മൂത്തു, ജിലർട്ടിന്റെ കണ്ണുകളിൽനിന്നു മുതിർന്നു ആ ശ്രുനകവയ്യനാവട്ടെ, സ്നേഹഭാവം പ്രകാശിപ്പിച്ചുകൊണ്ടെന്നിരിക്കുന്നു. അയാൾ ഭയപ്പെട്ടു് വെട്ടാൻ ഭാരം നോക്കുകയാണു്. ക്രമേണ വിനാ അയാൾക്കു് സൗകര്യം ലഭിച്ചു. മുവല്ലിൻ ക്രൂരനായി ജിലർട്ടിനെ വെട്ടി. അയാളുടെ നിഷ്ഠുര കർമ്മത്തിനു വിധേയനായിത്തീർന്ന ജിലർട്ടു് ഭയനീയ ശബ്ദം മുഴക്കി. വേദന ഉച്ചസ്ഥമായപ്പോൾ ജിലർട്ടു് യജമാനനെ നോക്കി. കഷ്ടം! അതിന്റെ ദയനീയദർശനം കാണ്മാൻ ആ അവിവേകിയ്ക്കു് കണ്ണില്ലാതെപോയി. ആ വഞ്ചിതൻ അതിന്റെ വിലപനസ്പന്ദനം അവസാനിപ്പിക്കുന്നതിനു മുമ്പു് വാരം കാണുവാൻ മുതിർന്നു. അപ്പോൾ കേൾക്കാം കുഞ്ഞിന്റെ രോദനം. മുവല്ലിൻ നിശ്ചേഷ്ടനായി. ഓ!

എന്റെ പ്രിയപ്പെട്ട ജിലർട്ടേ' എന്ന് അയാൾ വിളിച്ചു കൊണ്ട് എണീറ്റു. ബാഷ്പനേത്രനായ ആ വേട്ടക്കാരന് ആ പട്ടിയുടെ ശബ്ദം കേൾക്കുവാൻ കൂടി കഴിഞ്ഞില്ലാതെ ക്ലേശിച്ചു. അയാൾ ഗൃഹത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ കാര്യം മനസ്സിലായി. അയാളുടെ ഭാഗ്യക്കേടു തന്നെ. ദുഷ്ടികൾ അശുകുങ്ങളായി. മുണ്ടുകൾ വിറച്ചു തുടങ്ങി. കാലുകൾ ഇടറി. കട്ടിയുടെ രോദനശബ്ദം വ്യക്തമായി കേൾക്കുന്നു. അയാൾ അകത്തേയ്ക്കു വീണ്ടും നടന്നു. കട്ടിയെ ക്ഷണത്തിലെടുത്തു. താമസം വിനാ ലൂവല്ലിൻ ജിലർട്ടിനെ സമീപിച്ചു. പശ്ചാത്താപം മൂലം കണ്ണുനീർ ധാരയായി ഒഴുക്കി. അയാളുടെ അവിവേകത്തിന്റെ ഫലം എത്രമാത്രം ഭയങ്കരമെന്നു ചിന്തിച്ചു. എന്റെ ജിലർട്ടേ!' എന്ന് അയാൾ മന്ദമായി വിളിച്ചിട്ട് അതിനെ തലോടി. ആ ശുനകവര്യൻ മന്ദമായി മുളി; കാലുകൾ നിവിർത്തു അവസാനമായി. അത് യജമാനനെ നോക്കി. 'ജിലർട്ടേ!, എന്ന് അയാൾ വീണ്ടും വിളിച്ചു. അത് ഭേഷം മാത്രം ചലിപ്പിച്ചു. ആ പട്ടി ചത്തു.

ലൂവല്ലിൻ തന്റെ അവിവേകത്തെപ്പറ്റി ഓർത്ത് വല്ലാതെ ക്ലേശിച്ചു പട്ടിയുടെ ദേഹത്തു ചോര പുരണ്ടിരിക്കുന്നതിന്റെ കാര്യം എന്തെന്ന് അയാൾ ആലോചിക്കുകയായി. അയാൾ കട്ടി കിടന്ന സ്ഥലം പരിശോധിച്ചു. ഏതോ ഒരു ജന്തുവും ജിലർട്ടുമായി ഒരു പോരാട്ടം നടത്തിയിട്ടുണ്ടെന്നു മനസ്സിലായി. അയാൾ വെളിയിലെത്തി നോക്കിയപ്പോൾ ഏതോ ജന്തുവിനെ വലിച്ചിഴച്ചു കൊണ്ടുപോയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. അയാൾ ആ ലക്ഷ്യം നോക്കിനടന്നു. ഒരു കുറ്റിക്കാട്ടിലെത്തി. അവിടെ ഒരു ചെന്നായ് ചത്തുകിടക്കുന്നതു കണ്ടു. അപ്പോൾ അയാൾക്കു കാര്യം മനസ്സിലായി തന്റെ കുട്ടിയെ ഹിംസിക്കുവാൻ വന്ന ചെന്നായെ ജിലർട്ട് വധിച്ചു എന്നും, കുട്ടിയെ രക്ഷ

മായി ഒരിടത്തു സൂക്ഷിക്കുകയാണു്. അതു് ചെയ്യുന്നതെന്നു മനസ്സിലായപ്പോൾ കുഞ്ഞൻ അവിവേകത്തെപ്പറ്റി കൂടുതലായി വിചാരിച്ചു ഖേദിച്ചു. തന്റെ കണ്ണിന്റെ ജീവപരിത്രാണാർത്ഥം പരിശ്രമിച്ച തന്റെ വേട്ടപ്പട്ടിയെ അലോചന കൂടാതെ വെട്ടിക്കൊന്ന സാഹസകർമ്മത്തെപ്പറ്റി ഓർത്തു് കുഞ്ഞൻ പശ്ചാത്തപിക്കുകയുണ്ടായി.

ജിലർട്ടിനെ കണ്ടപ്പോൾ കുഞ്ഞന്റെ ദുഃഖം ശതഗുണീഭവിച്ചു. വൃദ്ധയവേദനയോടുകൂടി അയാൾ പറഞ്ഞു. 'ഹോ! കഷ്ടം! സ്വാമികേന്ദ്രിയമുള്ള എന്റെ ജിലർട്ടേ! അവിവേകിയായ ഞാൻ, ഗുണവാനായ നിന്നെ ഹിംസിച്ചു. ഞാൻ നിഷ്ഠുരൻ. നിന്നെപ്പറ്റിയുള്ള പശ്ചാത്താപം എനിക്കു പ്രായശ്ചിത്തമായിരിക്കട്ടെ വേട്ടയുള്ള എന്റെ സഹകാരീ! പ്രിയപ്പെട്ട ജിലർട്ടേ! ഞാൻ ഏകനായി മൃഗയാവിനോദത്തിനെന്നിനു പോകുന്നു! വേട്ടയുള്ള ഉപകരണം കൊണ്ടാന്നായി ഇനി ഞാൻ പരിത്യജിക്കുന്നു. എന്റെ കണ്ണീർകണംകൊണ്ടു് നിന്റെ ശവകുടീരത്തിനു സമീപം പുല്ലു കിളിർക്കട്ടെ. നിന്റെ കഴിമാടത്തിൽ ഞാൻ കൊത്തിയുണ്ടാക്കുന്ന സ്മാരകമായ പദ്യശകലങ്ങൾകൂടി 'അവിവേകത്തിന്റെ ഫലം പശ്ചാത്താപം' എന്നു ജനാവലി പഠിക്കട്ടെ.

——:o:——

6 ജ്ഞാനമാണു് ശ്രേഷ്ഠം

ഒരു രാജാവിനു് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. കുമാരന്മാർ യഥേഷ്ടം വളർന്നപ്പോൾ രാജകുമാരന്മാർക്കു വിദ്യകൊണ്ടു ഗുണമുണ്ടാകുന്നില്ലെന്നായിരുന്നു ജനങ്ങൾക്കു വിചാരം. അങ്ങനെ കഴിയവേ, ഒരിക്കൽ

ഒരു വിദ്യാവൃദ്ധൻ രാജാവിന്റെ കൊട്ടാരത്തിലെത്തി ആ ദ്വേഷത്തെ മുഖം കാണിച്ചു. വിദ്യാസമ്പന്നൻ വിജ്ഞാനപ്രദങ്ങളായ പല വൃത്താന്തങ്ങളും രാജാവിനെ ഗ്രഹിപ്പിക്കുകയുണ്ടായി. തദ്ഫലമായി സർവ്വവിധ സമാനമാനങ്ങൾക്കും പെരുമ്പറയ്ക്കുമർഹനായിരിക്കുന്നതു വിജ്ഞാനമാണെന്ന് ആ ഭൂപാലൻ ധരിച്ചു. അതിന്റെ യാഥാർത്ഥ്യം പരീക്ഷിച്ചറിയണമെന്നുള്ള ഉദ്ദേശത്തോടുകൂടി പുത്രന്മാരിൽ ഒരുവനെ ധർമ്മമീമാംസ അഭ്യസിയാപ്പാൻ പഠിപ്പിക്കുന്നതിന്ന് ഒരു ഗുരുവിനെ ഏർപ്പെടുത്തി.

ആ രാജകുമാരൻ അനേകദിനം ജ്ഞാനസമ്പാദനത്തിന്ന് ഭഗീരഥപ്രയത്നം ചെയ്തു. ആ വാർത്ത ഗ്രഹിച്ചു് രാജാവു് നന്നേ സന്തോഷിച്ചു. മറ്റേ പുത്രന്ന് പ്രതിദിനം സ്വർണ്ണാഭരണങ്ങളും മറ്റു വിശേഷപ്പെട്ട വസ്തുക്കളും രാജാവു് അയച്ചുകൊടുത്തു. ആ രാജകുമാരൻ അവയെല്ലാം ദുർവ്യയംചെയ്തു ദുർന്നടത്തജീവിതം നയിച്ചു. കുബുദ്ധികളായ സ്നേഹിതന്മാരോടുകൂടി സംസർഗ്ഗം ചെയ്തുതുടങ്ങി. തന്നിമിത്തം അഹങ്കാരം, അസൂയ അസഹ്യഭാഷണം മുതലായ ദുർഗ്ഗുണങ്ങൾക്കു് അയാൾക്കു് ലേശം മടിയില്ലാതെയായി. മറ്റേകുമാരൻ വിദ്യാഭ്യാസംചെയ്തിട്ടു് സ്നേഹം, മൃദുത, സമഭാവന, സത്യസന്ധത, ജീവകാരുണ്യം തുടങ്ങിയുള്ള ഗുണങ്ങളും സമ്പാദിച്ചു ജനാവലി ആ ഗുരുകുമാരന്റെ ദീർഘായുസ്സിനും അഭിവൃദ്ധിക്കും വേണ്ടി ആശംസ നൽകുകയും അദ്ദേഹത്തെ ക്ലേശങ്ങൾ ബഹുമാനിക്കുകയും ചെയ്തു.

വർഷം പലതു കഴിഞ്ഞു. രണ്ടുപേരും വിദേശയാത്ര തുടങ്ങി. വിദ്യാസമ്പന്നൻ വിദ്യ തരുന്ന ശരണമെന്നു നിശ്ചയിച്ചാണു് യാത്ര പുറപ്പെട്ടതു്. ധാരാളം പണം കൈവശമുണ്ടായിരുന്നു. ഏതാനും പുസ്തകങ്ങളും മറ്റുവസ്തു

ഉണ്ട്. അനന്തരം അയാൾ മുതലായവ മടിച്ചുപോകാത്ത കുമാരനായിട്ടു, സർവ്വംഗപരിത്യാഗിയായി വേണ്ട പരിവാരങ്ങളോടും ആഡംബരങ്ങളോടും ക്രിയാണ്ട് പുറപ്പാട്ട്. അദ്ദേഹവിദ്യനായ രാജകുമാരൻ ദേശപരമായി രാജ്യസുഖം അനുഭവിയ്ക്കയോ ചെയ്തു. ധനികനായ കുമാരൻ ഒരു നഗരത്തിലെത്തി ആവാസമുറപ്പിച്ചു. അസംഖ്യം യുവാക്കന്മാർ അടുത്തുകൂടി. സ്തുതിപാഠകന്മാരുടെ ചൊല്ലുകേട്ട് കുമാരൻ പാരികളിൽ അതിയായ വിശ്വാസങ്ങളിലേർപ്പെട്ടു. പരസ്പരം വച്ചും, മദ്യപാനം ചെയ്തും, പന്ത മാറ്റങ്ങളിലേർപ്പെട്ടും ഉണ്ടായിരുന്ന ധനമെല്ലാം അയാൾ തുലച്ചു. പണം തീരുകയാൽ പന്തയങ്ങളിൽ പണം കടം വാങ്ങുകയായി. രാജകുമാരനാണല്ലോ എന്നു ധരിച്ച് ചിലർ ധാരാളം പണം കടം കൊടുത്തു. ദിവസം ഒരു സംഖ്യ കടം വാങ്ങുകയുണ്ടായി. അതു വീട്ടുവാൻ മാർഗ്ഗമില്ലാതെയാകയാൽ പിന്നീടു് ആരും കടം കൊടുക്കാതെ കഴിച്ചു. ഉത്തമർണ്ണന്മാരിൽ പലർ രാജകുമാരനോടു പണം ചോദിച്ച് അയാളെ അലട്ടിത്തുടങ്ങി. കടം വീട്ടുവാൻ മാർഗ്ഗമില്ലാതെ കുമാരൻകഴങ്ങി. പണം തിരിച്ചു കിട്ടുകയില്ലെന്നു ധരിച്ച് ചിലർ കുമാരനെ തടവിൽ പാർപ്പിക്കയുണ്ടായി. പണം കൊടുത്തു് രാജാവു വിഷമിച്ചു കഴിയുകയാൽ ആ കുമാരന്റെ കാര്യം അദ്ദേഹം അന്വേഷിക്കാതെ കഴിഞ്ഞു.

വിദ്യാസമ്പന്നനായ കുമാരൻ സഞ്ചാരമധ്യേ ഒരു രാജസദസ്സിലെത്തി. കുമാരന്റെ മര്യാദയും വിനീതഭാവവും മിതഭാഷണവും കൊണ്ടു മറവുള്ളവരുടെ പ്രീതിക്കു പാത്രീഭവിച്ചു. അദ്ദേഹം താല്ക്കാലം വിശ്രമം ഇവിടെയാകുന്നതു നന്നെന്നു ഗ്രഹിച്ചു് ആ രാജ്യത്തെ രാജാവു് ഒരു ബഹുമാന്യാതിഥി എന്ന നിലയിൽ സ്വീകരിച്ചു സൽക്കരിക്കയുണ്ടായി. കുമാരന്റെ ആലോചന ഉത്തമോ

ത്തമരമനസ്സ് കണ്ടു് അദ്ദേഹത്തെ ജാമാതാവായി സ്വീകരിച്ചു. കുട്ടവളരെ പണം സ്ത്രീധനമായി നൽകി. അതിസുന്ദരിയായ ഒരു കുമാരിയെയാണു് ദാനം ചെയ്തതു്. ഏതാനും മാസം കഴിഞ്ഞു് രാജകുമാരൻ പത്നിയോടൊന്നിച്ചു് സ്വരാജ്യത്തെത്തി. കുമാരന്റെ ആഗമനവാർത്ത ശ്രവിച്ചു് പുരവാസികൾ അത്യാനന്ദഭരിതരായി. ആ രാജദമ്പതിമാരെ അവർ സസന്തോഷം സ്വീകരിച്ചു സ്വഭവനത്തിലേക്കു്. 'ഇങ്ങനെയാണു് രാജകുമാരൻ നീണാൾ വാഴട്ടെ' എന്നു് പ്രജാവലി പ്രഘോഷിച്ചു. മകന്റെ യോഗ്യതയെ ശ്രദ്ധിച്ചു് അച്ഛൻ തന്നെ പ്രശംസിക്കുകയും സസന്തോഷം കുമാരനെ ആശ്ലേഷിച്ചു് ചുംബിക്കുകയുണ്ടായി. രാജ്ഞി ആനന്ദാശ്രു പൊഴിച്ചു.

അച്ഛൻ മകനെ ഭദ്രാസനത്തിലിരുത്തി. പലവിധ കുശലപ്രശ്നങ്ങളുമുന്നയിച്ചു. കുമാരനിൽ ശുദ്ധമുഖമായിട്ടുള്ള വിവേകവും ധൈര്യവും സത്യവും എത്രത്തോളമെന്നു് അദ്ദേഹത്തിനു ബോധ്യമായി. ആ ഭൂപാലപുംഗവൻ സന്തുഷ്ടനായിത്തീർന്നു. അപ്പോഴും ശ്രവണകടുവായ കുശവാർത്ത രാജാവിന്റെ കർണ്ണപുടങ്ങളിൽ പതിച്ചു. മറ്റേ കുമാരൻ ദുർവൃത്തനായി ജയിൽവാസം അനുഭവിക്കുന്നു എന്നു ശ്രവിച്ചു് രാജകുടുംബാംഗങ്ങൾ അത്യധികം വിലപിച്ചു. രാജാവു വാടിപ്പോയി. രാജ്ഞി മൂർച്ഛിച്ചു സോഫായിൽ വീണു. മൂഢനായ രാജകുമാരനും അഭ്യസ്തവിദ്യനായ രാജകുമാരനും തമ്മിലുള്ള ഭേദമെത്രത്തോളമെന്നു് ഓർത്തു് 'ജ്ഞാനമാണു് ശ്രേഷ്ഠം' അതു ക്രിയാരൂപത്തിലുള്ളതു് 'ജീവിതം അപഭ്രംശമാകുന്നു' ജനതയെ ഘടിപ്പിക്കുന്നതിലേയ്ക്കു് രാജാവു് ഉടനെതന്നെ വേണ്ട ഏർപ്പാടുകൾ ചെയ്തു.

7. ന്യായബുദ്ധിയായ ബാലൻ

മഹാനായ ഒരു പ്രഭു ഒരു മലയിൽ താമസിച്ചിരുന്ന വേനൽക്കാലത്തു് സുഖവാസത്തിനായി അദ്ദേഹം അവിടെയെത്തി താമസിക്കുകയാണു പതിവു്. അവരുടെ സമീപം ഒരു സായ്പും പുതിയും സുഖവാസാർത്ഥം താമസിച്ചിരുന്നു, സായ്പിനേറെയും പ്രഭുവിനേറെയും പുത്രിമാർ ക്രമേണ സഖികളായി. സുഖവാസത്തിനുശേഷം സായ്പും പുതിയും മടങ്ങിപ്പോകുവാൻ ഭാവിക്കുന്നു എന്നു കേട്ട് പ്രഭുപുത്രി അവർക്കൊരു വിരുന്നു നൽകുവാൻ ഏർപ്പാടുചെയ്തു. താമസം വിനാ സായ്പും പുതിയും ജോലി സ്ഥലത്തേയ്ക്കു മടങ്ങി. ധനവാന്റെ വീട്ടിൽ ഒരു രാത്രിയിൽ വിശേഷരീതിയിൽ വസ്ത്രധാരണം ചെയ്തിരുന്ന അമ്മു പേരു് കയറിച്ചെന്നു. അപ്പോൾ അദ്ദേഹം താമസിച്ചിരുന്നതു് മലമുകളിൽ നിന്നും ഇരുപതുനാഴിക അകലത്തുള്ള ഒരു നഗരത്തിലായിരുന്നു. ആഗതന്മാർ സായ്പിനോടു പറഞ്ഞു. 'ഞങ്ങൾ വിദേശികളാണു്. അസമയമായി. രാത്രിയിൽ ഉദ്ദിഷ്ടസ്ഥലത്തെത്തുവാൻ നിവൃത്തിയില്ല മലമുകളിൽ ഒരു പ്രഭുവിനെ അഭ്യുപഗമ്യകാര്യമായി കാണ്മാൻ പോകുകയാണു്. ദയചെയ്തു് ഞങ്ങളെ സഹായിക്കണം'

പ്രഭുവുമായി പരിചയമുള്ള സായ്പ് ആഗതന്മാരെ രാത്രിയിൽ തന്റെ ബംഗ്ലാവിൽ താമസിപ്പിച്ചു. രാവിലെ അവർക്കു ഭക്ഷണം നൽകിയിട്ടു് വഴി കാണിക്കുവാൻ ഒരു പയ്യനെ കൂടി അയയ്ക്കുകയുണ്ടായി. അവർ യാത്രചെയ്തു, ഒരുത്തൻ കാലുതെറ്റി മറിഞ്ഞുവീഴുവാൻ ഭാവിച്ചു. അയാളെ താങ്ങിപ്പിടിച്ചെഴുന്നേല്പിക്കാൻ കൂട്ടുകാർ ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ വസ്ത്രങ്ങളുടെ ഇടയിൽ അവർ അയ

ധങ്കരം നിശ്ശ്രദ്ധമായി സൂക്ഷിച്ചിരിക്കുന്നതു് ആ ബാലൻ കണ്ടു. അവർ വീണ്ടും നടന്നു. അവരുടെ സംഭാഷണവിഷയം മാറി. അവരുടെ ഭാഷ ആ ബാലനു് അറിയാമായിരുന്നതിനാൽ യാത്രക്കാരുടെ ഉദ്ദേശ്യം അയാൾക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു. ബാലൻ ഭയപരവശനായി. അവരുടെ ശ്രദ്ധാലോചന ഗ്രഹിച്ചു കട്ടി യാതൊരു ശബ്ദഭേദവും ക്ലേശമെ അവരോടൊന്നിച്ചു നടന്നു. പാറക്കെട്ടുകളിലൂടെ ഒഴുകുന്ന ഒരു അരുവിയുടെ സമീപം അവർ എത്തി. ഇനിയുമുള്ള വഴി അവർക്കു് അറിയാമെന്നും, ബാലൻ തിരിച്ചു പൊയ്ക്കൊള്ളണമെന്നും അവർ പറഞ്ഞു. അനന്തരം അവർ ഹാസ്യമായി സംഭാഷണം നടത്തി. ബാലൻ പോകാതെ അവിടെ നിന്നു. അയാൾ പോകാൻ അവരിലൊരാൾ സമ്മതിച്ചില്ല. ഏതുവിധേനകിലും ബാലനെ രക്ഷിക്കണമെന്നാണു് ആ ആൾ ഉദ്ദേശിച്ചതു്. നാലുപേരും വീണ്ടും ആലോചിച്ചിട്ടു് പയ്യനെ കൊല്ലുന്നതാണു് ബുദ്ധിയെന്ന തീരുമാനിച്ചു. അയാൾ മൂലം വല്ല രഹസ്യവും വെളിയിൽ വന്നെങ്കിലോ എന്നു വിചാരിച്ചാണു് ബാലനെ കൊല്ലുന്നതിനു് അവർ ആലോചിച്ചതു്. കുറെ ദൂരം വിടണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി അവർ അന്യോന്യം തമ്മിൽ വലിയ വാഗ്വാദം നടത്തി. എന്തിനു്? അവരിലൊരാൾ ബാലനെ രക്ഷിക്കുമുണ്ടായി എന്നുപറഞ്ഞാൽ കഴിഞ്ഞു.

അവർ അന്യോന്യം പാലംവഴി അരുവി കടന്നു് അക്കരെയെത്തിയ സമയം പാലം നശിപ്പിക്കുന്നതിനു് അവർ ശ്രമിച്ചു. അവർ ഉടുപ്പിനുള്ളിൽ സൂക്ഷിച്ചിരുന്ന ചില ആയുധമെടുത്തു് പാലത്തിന്റെ തൂണുകളും മറ്റും പൊളിക്കുകയായി. അധിക താമസം ക്ലേശമെ പാലം നിലംപതിച്ചു. അവർ ആഹ്ലാദാരവത്തോടെ പുരോഗമനം ചെയ്തു. ബാലൻ ആ കാഴ്ചകളെല്ലാം മറഞ്ഞുനിന്നു

കാണുകയായിരുന്നു. അവൻ ഭയവിഭ്രാന്തചിത്തനായി നിലവിളിച്ചുകൊണ്ട് യജമാനന്റെ ഗൃഹത്തിലേയ്ക്ക് ഓടി. അവൻ ഓടിപ്പോകുന്നതു കണ്ട് ഭൃത്യന്മാർ അമ്പരന്നു. അവന്റെ മോഷവും ചേഷ്ടയുംകൊണ്ട് എന്തോ അപായം സന്നിഹിതമായിരിക്കുന്നു എന്ന് അവർ ഊഹിച്ചു. അവർ ബാലനെ സായ്പിന്റെ സന്നിധിയിൽ കൊണ്ടുപോയി. അപ്പോൾ ബാലൻ പറഞ്ഞു. 'ആ യാത്രക്കാർ പെരുങ്കള്ളന്മാരാണ്. അവർ എന്റെ കഥ കഴിച്ചില്ലെന്നേ ഉള്ളൂ. ഇന്ന് അവർ മലമുകളിൽ പ്രേതത്തിന്റെ മന്ദിരത്തിനു സമീപം പാർത്തിരുന്നു, അദ്ദേഹത്തിന്റെ ഗൃഹം കൊള്ളചെയ്യാനാണ് നിശ്ചയിച്ചിരിക്കുന്നത്. അവരുടെ ആലോചന ഇങ്ങനെയാണ്. നാം പ്രേതമന്ദിരത്തിനു സമീപം ഒളിച്ചിരിക്കണം. കുറേ സന്ധ്യയ്ക്ക്, നേരേപ്രേത മന്ദിരത്തിലെത്തി ചാരനായി താമസിക്കണം. അർദ്ധരാത്രിയിൽ ആ ചാരൻ പ്രേതമന്ദിരത്തിന്റെ വാതായനത്തിൽ കുറെ തീപ്പെട്ടിക്കമ്പു കത്തിച്ചുകാണിക്കണം. ആ ലക്ഷ്യം കണ്ടുവേണം പതിയിരിക്കുന്നവർ അവിടെയ്ക്കു ചെല്ലാൻ. ആ വീട് കൊള്ളയിടണം, പ്രേതവിനേയും കുടുംബാംഗങ്ങളേയും കൊല്ലണം, ഇങ്ങനെ തീരുമാനിച്ചിട്ടാണ് അവർ പോയിരിക്കുന്നത്.'

ഇതു കേട്ട് സായ്പിന്റെ പുത്രി പറഞ്ഞു. കഷ്ടം! ഇന്നു രാത്രി പ്രേതവിന്റെ വിശേഷപ്പെട്ട മണിമന്ദിരം അഗ്നിക്കിരയാകുമല്ലോ. എന്റെ സഖിയേയും അമ്മയെ ന്മാർ 'കൊല്ലുമെന്നോ? അയ്യോ! എന്തൊരു നിവൃത്തി മാർഗ്ഗം?'. യാതൊരുവഴിയും കാണാതെ അവരെല്ലാപേരും കഴിഞ്ഞു. തൽക്ഷണം സായ്പിന്റെ പുത്രിയ്ക്ക് ഒരു യുക്തി തോന്നുകയുണ്ടായി. 'പ്രേതകാന്തി എനിക്ക് ഒരു പ്രാവി നെ സമ്മാനിച്ചിട്ടുണ്ടല്ലൊ. ചിലപ്പോൾ അതു പ്രേതമന്ദിരത്തിൽ പോയിവരുന്നുണ്ടു് എന്നാണല്ലോ സംശയം.

ഒരു കത്തെഴുതി കഴഞ്ഞിൽ തൂങ്ങിയിട്ടാൽ പക്ഷേ അത്ത് കുമാരിയുടെ ചെവിയിലും. അങ്ങനെയെങ്കിൽ അവർക്ക് അപകടത്തിൽ നിന്നു നിഷ്പ്രയാസം രക്ഷപ്പെടുകയും ചെയ്യാമല്ലൊ; പരീക്ഷിക്കുകതന്നെ.' മകളുടെ അഭിപ്രായം മാതാപിതാക്കന്മാർക്കും ഹിതകരമായി തോന്നി. ഉടനെതന്നെ സകല വിവരങ്ങളും കാണിച്ച് ഒരു കത്തു തയാറാക്കപ്പെട്ടു പ്രാവിന്റെ കഴുത്തിൽ കെട്ടിത്തൂക്കിയിട്ടു. എഴുത്തിന്റെ പുറത്ത് അത്യാവശ്യം, എന്നുകൂടി ചേർത്തു അക്ഷരത്തിൽ എഴുതിയിരുന്നു.

സായ്പിന്റെ പുത്രി പ്രാവിന്റെ ചെവിയിൽ എന്തോ മന്ത്രിച്ചയച്ചപോലെതോന്നി. അനന്തരം അവർ അതിനെ ചുംബിച്ച്, മേലോട്ട് പറപ്പിച്ചു. അത്ത് കരേറ്റം മേലോട്ടുതന്നെ പറന്നു. സായ്പും മഭാമ്മയും മകളും അത്തുകണ്ടിനിന്ന് താമസംവിനാ അത്ത് കിഴക്കോട്ട തിരിഞ്ഞുപറന്നുതുടങ്ങി. അവർ ഗ്രഹത്തിലേയ്ക്കു മടങ്ങിയെങ്കിലും പ്രേമകുടുംബത്തിന്റെ അത്യുത്കണ്ഠയെപ്പറ്റി കാത്തു സംമോഷിച്ചുകൊണ്ടിരുന്നു. പ്രേമകുടുംബം ഇതൊന്നും അറിഞ്ഞു? അവിടെ ഉച്ചഭക്ഷണം കഴിഞ്ഞുമായിരുന്നു കഴിഞ്ഞു. അവരെല്ലാവരും വിശ്രമാർത്ഥം ഒരു സായാഹ്നഭോജനത്തിലേയ്ക്കു പുറപ്പെട്ടു മണി നാലായി. പ്രേമകുമാരി ചായകുടി കഴിഞ്ഞു സവാരിക്ക് പുറപ്പെടാറായപ്പോൾ പ്രാവു സമീപിക്കുന്നതു കണ്ടു. അവൾ മുഖപുരസ്സരം പറഞ്ഞു. 'അമ്മേ! അതാ നമ്മുടെ പ്രാവു്: കഴുത്തിലൊരു കിങ്ങിണി—അല്ല, കടലാഴത്തു്.'

പതിവുപോലെ പ്രാവു് മുറിയുടെ ജനൽ കടന്നു. കുറുംബാംഗങ്ങളെല്ലാം അതിനെ സമീപിച്ചു. എഴുത്തുകണ്ടു. 'അത്യാവശ്യം' എന്ന വാക്കു് അവരെ അതു വായിക്കുന്നതിനു തല്പരരാപ്പെടുത്തി. എഴുത്തു പൊട്ടിച്ചു വായിച്ചു. വിവരം ഗ്രഹിച്ചു മുൻപ്രേമകുടുംബത്തെ ഏവരുംതന്നെ വിചാര

നിമഗ്നരായി. ലോകഗതിയുടെ ഭാവപരിണാമം മറ്റെല്ലാം മാറി. പ്രേമവും പ്രേമിയും പുതിയും മരണമാകുന്ന സരണിയുടെ വക്കിലാണെന്നു ഗ്രഹിച്ചു. തസ്കര വീരന്മാർ—അനയവഞ്ചകന്മാർ ആ മതിമോഹനമന്ദിരം, അതിലെ അതിമനോഹരമായ സാധനസാമഗ്രികൾ ഒന്നൊന്നായി ആ രാത്രിയിൽ—അതേ! രണ്ടുമുന്നു മണിക്കൂർനേരം കഴിയുമ്പോഴേക്കും നഷ്ടപ്പെടുമല്ലോ എന്നോർത്തു് കട്ടം ബാംഗങ്ങൾ കേണു പ്രാണരക്ഷാർത്ഥം എന്തു ചെയ്യേണ്ടു എന്നറിയാതെ അവർ ഭയവിഹ്വലരായി.

സന്ധ്യയായി; പ്രേമവിഹ്വലതയും അവലംബിച്ചു അദ്ദേഹം കാര്യനിർവഹണമായി ആലോചിച്ചു് വേണ്ട കരുതലുകൾ ചെയ്തു. തസ്കരന്മാർ അതൊന്നും അറിഞ്ഞിട്ടില്ല. വിദേശവസ്തുവ്യാപാരിയായ കരാർ വീടിനോടു ചേർന്നു. പ്രേമ അയാളെ സഹർഷം സ്വീകരിച്ചു് കുശലപ്രശ്നം ചെയ്തു. താൻ ഏകാകിയായ കരുണാസമ്പന്നനാണെന്നും സന്ധ്യയായിപ്പോയതിനാൽ രാത്രി സങ്കേതാർത്ഥം അവിടെയെത്തിട്ടുള്ളതാണെന്നും മറ്റും പൂർവ്വം സഹായിക്കണമെന്നും പറയുകയുണ്ടായി.. പ്രേമ ഭൈരവീരാഗത്തിൽ പറഞ്ഞു 'കൊള്ളാം! മനുഷ്യധർമ്മം! നീ കരുണാകരനല്ലേ? ഇനിയും നിങ്ങൾക്കു നാലു കൂട്ടുകാർ ഉണ്ടു്. അവർ സമീപപ്രദേശങ്ങളിൽ എവിടെയോ പതിയിരിക്കുന്നു. അവർ നിന്നെ ഇനി കാണാതിരിക്കട്ടെ ഉടനെ ക്ഷണം പുറപ്പെടുക'

തസ്കരൻ കള്ളസ്സമാധാനം പറഞ്ഞു് രക്ഷപ്പെടാനായി പരിശ്രമിച്ചു. പ്രേമ അവന്റെ അഭ്യർത്ഥനയെ തിരസ്കരിക്കയാണുണ്ടായതു്. ഗത്യന്തരമില്ലെന്നു കണ്ടു് കള്ളൻ പുറപ്പെടുവാൻ ഉടനെ. അവൻ അതു് ഉടനിയപ്പോൾ പ്രേമ അട്ടഹസിച്ചു. 'മഹാശ്ചര്യം. മനുഷ്യാധമന്മാർ. എടാ ദുഷ്ടാ! ഇവ അന്ധകാരം എന്തിനു്?

അവൻ പ്രഭുവിന്റെ നേർക്ക് കഠാരി കാണിയ്ക്കുന്നു കണ്ടു് തിരിയെയിമർ അവനെ പ്രഹരിച്ചു തുടങ്ങി. താമസംവിനാ അവനെ ഇരുട്ടടഞ്ഞ ഒരു മുറിയിൽകൊണ്ടുപോയി ഭദ്രമായി സൂക്ഷിച്ചു; വരാന്തയിൽ ഒരു മെഴുകുതിരി കത്തിച്ചു വയ്ക്കുകയുണ്ടായി. കൃത്യസമയമടുത്തു കള്ളന്മാരും ലക്ഷ്യം കണ്ടെടുത്തു. തസ്കരന്മാർ നാലുപേരും സമയമായോ എന്നു ചിന്തിച്ചുകൊണ്ടു് പ്രഭുവിന്റെ മന്ദിരവരികിലുംചെത്തി നിക്കുമ്പോൾ തക്കസമയത്തു തന്നെ വന്നു എന്നു പറഞ്ഞു് ഒരാൾ അവരെ സ്വീകരിച്ചു. പിറകെ നാലുപേരും മുറിയിൽ പ്രവേശിച്ചു കഴിഞ്ഞു. പണ്ടു പട്ടാളക്കാർ ഉപയോഗിച്ചിരുന്ന വാളുകളുമായി സജ്ജീകരിച്ചു. വാതിൽ ബന്ധിച്ചു കഴിഞ്ഞു. ചതി പറ്റി എന്നു തസ്കരന്മാർക്കു മനസ്സിലായി. രക്ഷപ്പെടാനുള്ള മാർഗ്ഗം ആലോചിച്ചു് അവർ രാത്രികഴിച്ചു. നേരത്തെ ബാലനെ മോചിപ്പിച്ചതു കൊണ്ടുണ്ടായ അബദ്ധമാണിതെന്നു് അവർ ഗ്രഹിച്ചു. പ്രഭാതമായി. അവരെ ബന്ധനസ്ഥന്മാരാക്കി.

രാവിലെതന്നെ പ്രഭുവിന്റെ ഭൃത്യന്മാർ പാലം തരിപ്പെട്ടഞ്ഞി കോർട്ടുകാരെ പോലീസ് ബന്ധവസ്സോടെ സായ്പിന്റെ ബംഗ്ലാവിലേയ്ക്കു കൊണ്ടുപോകാമെന്നാണ നിശ്ചയിച്ചതു്. അവർ ചെല്ലുന്നതുകണ്ടു് ബാലനും ഭൃത്യന്മാരും വിവരം സായ്പിനെ ഗ്രഹിപ്പിച്ചു. അദ്ദേഹം ബംഗ്ലാവു വരാന്തയിലെത്തി. ബാലനെ കണ്ടപ്പോൾ കോർട്ടുകാരുടെ മുഖഭാവം പകർന്നു. അപ്പോഴത്തെ സ്ഥിതി അവർണ്ണനീയം തന്നെ. സായ്പും പ്രഭുവും കൂടി ആലോചന നടത്തിയിട്ടു്, ബാലനെ ന്യായാധിപതിയാക്കി കള്ളപ്പിറത്തിന്മേലിരുത്തി. കോർട്ടുകാരെ അയാളുടെ മുമ്പിൽ നിറുത്തി വിസ്താരം തുടങ്ങിച്ചു. വിസ്താരം അവസാനിച്ചപ്പോൾ യഥേഷ്ടം വിധി പ്രസ്താവിക്കുന്നതിനുള്ള അധികാരം പ്രഭു ബാലനു നൽകി. 'ന്യായ

ബുദ്ധിയായ ബ്രാഹ്മൻ' വിധി പ്രസ്താവിച്ചു. 'ഇബ്രാഹിം മാറിനിൽക്കട്ടെ; നിങ്ങളാണ് എന്റെ ജീവനെ രക്ഷിച്ചത്. ഇവർ എന്നെ കൊല്ലാൻ മാവിച്ചപ്പോൾ നിങ്ങൾ അവരുടെ എതിർപ്പിനെ സഹിച്ച് എന്നെ സഹായിച്ചു. അതിനാൽ ഞാൻ നിങ്ങളെ രക്ഷിക്കണം. ഈ നീച ബുദ്ധികളെ സ്വാതന്ത്ര്യമായി വിടാൻ പാടില്ല. അവർ സൽസ്വഭാവികളുടെ നേരെ തെറ്റായി പാപ്പ് ചെയ്തുകൊണ്ടിരിക്കുന്നു.' ആ ബാലന്റെ നീതിന്യായയുക്തമായ വിധികേട്ട് ഏവരും സന്തോഷിച്ചു. അനന്തരം ആ ദ്രോഹികളെ തടവിലാക്കി.

8 കർഷകനും ചക്രവർത്തിയും

കുറേ വർഷങ്ങൾക്കു മുമ്പ് ഉത്തരേന്ത്യയിൽ ജീവിച്ചിരുന്ന അക്ബർ ചക്രവർത്തി പ്രജാക്ഷേമതല്പരനായിരുന്നു. അതിലേയ്ക്കു യഥാശക്തി വർത്തിക്കുന്നതിനു അദ്ദേഹം സദാ ജാഗ്രത പ്രദർശിപ്പിച്ചിട്ടുണ്ട്. വേഷപ്രച്ഛന്നനായി ചിലപ്പോൾ സമീപസ്ഥലങ്ങളിൽ സഞ്ചരിച്ച് ജനങ്ങളുടെ യഥാർത്ഥമായ സ്ഥിതിഗതികൾ മനസ്സിലാക്കി തദനുസരണം വർത്തിക്കുക പതിവായിരുന്നു. അങ്ങനെ സഞ്ചരിക്കവേ ഒരിയ്ക്കൽ അദ്ദേഹം ഡൽഹി നഗരത്തിനടുത്തുള്ള ഒരു ഗ്രാമത്തിലെത്തി. അദ്ദേഹം ക്ഷീണിതനായിരിക്കുന്നതിനാൽ എന്തെങ്കിലും സഹായം ചെയ്യണമെന്ന് ആ ദേശവാസികളിൽ ചിലരോട് അപേക്ഷിച്ചു. ചക്രവർത്തി കീറത്തുണി ഉടുത്തും, ഭിക്ഷയാചിച്ചും നടന്നതുകൊണ്ടു ഒരു യാചകനാണെന്നു പലരും ധരിച്ചു. അതിനാൽ അദ്ദേഹത്തിനു ബഹുമാന്യമായ നിലയിൽ ആരിൽ നിന്നും യാതൊരു സഹായവും ലഭിച്ചില്ല.

കട്ടവിൽ ഒരു സമ്പന്നൻ നിൽക്കുന്നതായ ഒരു കർഷകന്റെ കടിലിനെ അടുക്കൽ പ്രാപിച്ചു പറഞ്ഞു:—ഞാൻ ഒരു ഭിക്ഷുവാണു; ഇന്നു് ക്ഷണം കഴിച്ചിട്ടില്ല. അതിനാൽ ഭക്ഷാരത്തിനു് എന്തെങ്കിലും ദയചെയ്യുകരണം.

കർഷകൻ—ഞാൻ ദരിദ്രനായ ഒരു കർഷകൻ. പകൽ മുഴുവൻ അധ്വാനിച്ചാൽ അന്നാഴത്തിനു പകുതിയുകയില്ല. ഇവിടെ എന്തോ അല്പം ആഹാരം കാണും. നിങ്ങൾ നാമസിച്ചാൽ അതിൽ ഒരു ഓഹരി തരാം.

ചക്രവർത്തി—വളരെ സന്തോഷം; നാമസിക്കാം. ഞാൻ മരിക്കാറായി. ഈ ഘട്ടത്തിൽ നിങ്ങൾ സഹായിക്കാമെന്നു പറയുകയാൽ ജീവൻ നേരെയായി.

കർഷകൻ—എത്ര ദിവസം വേണമെങ്കിലും നാമസിപ്പിക്കാമായിരുന്നു; പക്ഷെ, ഇന്നു് എനിക്കു നീരെ സൌകര്യമുള്ള ഒരു ദിവസമല്ല. പലതരത്തിലുമുള്ള ബുദ്ധിമുട്ടുണ്ടു്.

ചക്രവർത്തി—ദയചെയ്തു് അതിന്റെ കാരണം പറയാമോ?

കർഷകൻ—സ്വന്തം വീട്ടുകാര്യമാണു്; എങ്കിലും പറയാം. ഭാര്യയ്ക്കു നല്ല സുഖമില്ല. അവർ രോഗിണിയായിട്ടു ദിവസങ്ങൾപലതുകഴിഞ്ഞു. എങ്കിലും കയറിയിരിക്കുമെന്നുള്ള ദിവസമാണു്.

ചക്രവർത്തി—ഉപകാരം. നിങ്ങളുടെ പ്രയാസങ്ങൾ കേട്ടിട്ടു് എനിക്കു സങ്കടമില്ലാതില്ല.

കർഷകൻ—ചക്രവർത്തിയെ ചെറിയ മുറിയിലേയ്ക്കു ക്ഷണിച്ചു. അവിടെക്കിടന്നു് രണ്ടു കുട്ടികൾ ഉറങ്ങുന്നുണ്ടു്. സമീപത്തു് നാലുവയസ്സു പ്രായമുള്ള ഒരു പെൺകുട്ടിയിരുന്നു് ഉറക്കം തൂങ്ങുന്നു. ചക്രവർത്തി അവിടെ ഒരു പീഠത്തിന്മേലിരുന്നു. കർഷകൻ അടുക്കളയിലെത്തി അതിഥിയ്ക്കുടെ ഭക്ഷണം തയാറാക്കിത്തുടങ്ങി. കുറെ കരിഞ്ഞ

അപ്പവും കറിയും അദ്ദേഹത്തിനു കൊടുത്തു. അല്പം കഴിഞ്ഞു് കുറേ പാലും നൽകി. അനന്തരം കർഷകൻ പറഞ്ഞു 'ഇത്രമാത്രമേ അങ്ങയ്ക്കു സൗകര്യമുള്ളൂ; പരിഭവിക്കരുതേ!'

ചക്രവർത്തി—കുഞ്ഞുങ്ങളേ ഉണ്ണത്തണം. ഇനിയും അവർക്കുകൂടി കൊടുക്കാമല്ലോ.

കർഷകൻ—വേണ്ടാ; അവർക്കു് ഞാൻ നേരത്തേ ആഹാരം നൽകി; നിങ്ങൾ അതു ഭക്ഷിയ്ക്കണം.

സാധുവായ കർഷകന്റെ വാക്കുകൾ കേട്ടു് അതിഥി നന്നേ സന്തോഷിച്ചു. കുട്ടികളോടൊന്നിച്ചു ഭക്ഷണം കഴിക്കുന്നതിനു് അദ്ദേഹം തല്പരനായി; ചക്രവർത്തിതന്നെ അവരെ വിളിച്ചുണർത്തി. അല്പനേരം കഴിഞ്ഞപ്പോൾ കർഷകൻ ഭാര്യയുടെ സമീപത്തു നിന്നു് ഇളയകുട്ടിയെ എടുത്തുകൊണ്ടു് അവിടെയെത്തി. അച്ഛൻ കുഞ്ഞിനെ അവിടെ കിടത്തി. കുട്ടി അതിവസന്തുഷ്ടനായി കിടന്നു കളിച്ചു. ചക്രവർത്തി ആ ശിശുവിനെ നോക്കി അത്യധികം സന്തോഷിക്കയുണ്ടായി. അദ്ദേഹം കുട്ടിയുടെ അരുണവർണ്ണപ്രകാശോട്ടുകുടിയ കപോലത്തെ സ്പർശിച്ചുകൊണ്ടു പറഞ്ഞു. 'ഈ കുഞ്ഞു്, ഒരു രാഗ്യശാലിയായിത്തീരുമെന്നു ഞാൻ വിചാരിക്കുന്നു. അതിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ടു്.' ചക്രവർത്തി ശിശുവിനെ സന്തോഷം മൂട്ടുന്നു് മന്ദസ്മിതം ചെയ്തു. കർഷകന്റെ മറ്റു കുട്ടികൾ ശിശുവിനെ ചുംബിക്കുവാൻ സമീപിച്ചു. മുഞ്ഞൂരി അവിടെയെത്തി കുട്ടിയെ അമ്മയുടെ അടുക്കലേയ്ക്കു് എടുത്തുകൊണ്ടുപോയി. അനന്തരം അവർ നിദ്രയ്ക്കായി പോയി. ചക്രവർത്തി അവരുടെ ആതിഥ്യത്തിൽ സന്തുഷ്ടനായി. ഗ്രാമങ്ങളിലെ ജനങ്ങൾക്കുള്ള പ്രയാസങ്ങളെപ്പറ്റി എങ്ങനെയെങ്കിലും കുറേ അദ്ദേഹം ചിന്തിച്ചു.

പ്രദേശമായി എന്തുള്ള വസ്തുത പക്ഷികളും അതി മനോഹരമായ ഗാനാലാപം കൊണ്ടു പ്രത്യുപചാരം ചെയ്തു. അതിന്റെ മാധുര്യം ആസ്വദിച്ചുകൊണ്ട് അവരെല്ലാം പോയതും ഉടനെ. അധികം താമസിയാതെ അതിഥി യാത്ര യാവാൻ തുടങ്ങി. അപ്പോൾ അദ്ദേഹം പറഞ്ഞു. 'സ്നേഹിതാ! ഞാൻ ഡൽഹിനഗരംവരെ പോകേണ്ടി! അവിടെ എനിക്ക് കുറച്ചു മിത്രം ഉണ്ടു. അദ്ദേഹം ഒരുമാന്ത്രികനിധി യാണു്. ചിലപ്പോൾ അദ്ദേഹം താമസിക്കുന്നതു ആഗ്രാ യിലായിരിക്കും. നിങ്ങളുടെ ദയാപൂർവ്വമായ സല്ക്കാരത്തിനു് അദ്ദേഹത്തിനു നിങ്ങളോടു പ്രീതി ഉണ്ടാവട്ടെ.'

കർഷകൻ—അങ്ങു കുലീനനും മാന്യനും ആണെന്നു ഞാൻ വിചാരിക്കുന്നു. നാളെ എന്റെ കുട്ടിയുടെ അന്ന പ്രാശനദിവസമാണു്.

ചക്രവർത്തി—ഇതു ചെറുപ്പത്തിലെ ചോറൂട്ടു നടത്തുമോ?

കർഷകൻ—ആറാംമാസത്തിലാണു് ഞങ്ങൾ അതു നിർവ്വഹിക്കുന്നതു്.

അതിഥി—ശരി; വളരെ സന്തോഷം. നിങ്ങളുടെ അഭിലാഷമനുസരിച്ചു വർത്തിക്കൂ! അതിലേയ്ക്കു് എന്തു ചെലവുണ്ടാകും.

കർഷകൻ—കുറഞ്ഞതു് രണ്ടുറുപ്പികയെങ്കിലും ചെലവാകും. അതിലേയ്ക്കു ചിലവു് ഉണ്ടാക്കാൻ എന്റെ ഭൂസ്വത്തിനെ ഒരംശം കൊടുക്കാമെന്നാണു് ഉദ്ദേശിക്കുന്നതു.

അതിഥി—എന്റെ സ്നേഹിതനുവേണ്ടിയുടെ ഞാൻ അതിനുള്ളതിലേക്കായിട്ടും. അതു് നിങ്ങൾക്കു സന്തോഷമാകുന്നു വോ? ഞാൻ പോയിവരട്ടെ—ഇതാ ഇതു സ്വീകരിക്കുക.

കർഷകൻ—ഞാൻ നിർദ്ധനനായ ഒരു കർഷകൻ. കുലാചാരപ്രകാരമുള്ള എല്ലാ കാര്യവും ചെയ്യണം. ക്ഷേത്രത്തിൽ പോയി അവിടെ വച്ചാണു് ഈ കർമ്മം നടത്തുക

ന്നത്. അദ്ദേഹം നാളെ രാവിലെതന്നെ എത്തി അനന്തരം ചിക്കുവാൻ അങ്ങ് ചട്ടം കെട്ടിയാലും.

അതിഥി—അദ്ദേഹം കൃത്യസമയത്തു വന്നുചേരും.

കർഷകൻ—ഞാൻ സാധു; പക്ഷേ അദ്ദേഹം ഒരു ശ്രേഷ്ഠവ്യക്തിയിരിക്കും. അദ്ദേഹത്തെ യഥായോഗ്യം സ്വീകരിച്ചു സല്ക്കരിക്കുന്നതിനു് എനിക്കു അത്യാഗ്രഹമുണ്ടു്. അതിനു നിർവ്വാഹമില്ലാത്തതിൽ ഖേദിക്കുന്നു.

അതിഥി—നിങ്ങൾ അശേഷം ദുഃഖിക്കേണ്ടതില്ല. ഈ ശുഭാവസരത്തിൽ നിങ്ങളോടൊന്നിച്ചു കഴിയുന്നതായിരിക്കും എനിക്കു കൂടുതൽ സന്തോഷം.

ചക്രവർത്തി യാത്രയായി. കർഷകൻ— ആ അതിഥി ആരായിരിക്കുമെന്നു ചിന്തിച്ചു. അദ്ദേഹമോ, അതിഥിയുടെ സ്നേഹിതനോ ആ ശുഭാവസരത്തിൽ സമാഗതനാവുമെന്നു് അയാൾക്കു പ്രതീക്ഷയില്ല. കിട്ടിയ ചണ്ണം കൊണ്ടു് അന്നപ്രാശമടിയന്തിരം കേമിയാക്കുവാൻ ആ നിർദ്ധനനായ കർഷകൻ ശ്രമിച്ചു ക്ഷേത്രത്തിലെല്ലാം പോകാനുള്ള കാലമായി. കുരു ശബ്ദം കേൾക്കുന്നതായി ചിലർ പറഞ്ഞു കുരുവലിയ എഴുന്നള്ളത്തിനാണ കോലാഹല ശബ്ദമാണു് അവർ കേട്ടതു്. കതിനകളുടേയും, ഭേരികളുടേയും ശബ്ദം തെരുതെരെ കേട്ടുതുടങ്ങി. അത്ഭുതപൂർവ്വമായ ആ കോഴ്ച ജനാവലിയെ ആഹ്ലാദഭരിതരാക്കിത്തീർത്തു. ചക്രവർത്തിയുടെ അശ്വാരോഹികൾ ആണു് അതെന്നു മനസ്സിലായി. ചക്രവർത്തി കയറിനിന്ന സമീപം ഇറങ്ങി. പട്ടാളം അവിടെ നിന്നു. ഗ്രാമവാസികളും കൂട്ടമിളകി. കൃഷിക്കാരൻ കഥയറിയാതെ അമ്പരന്നു. ചക്രവർത്തി അയാളെ സമീപിച്ചു കല്പിച്ചു. 'നാം ഇന്നലെ നിങ്ങളെ കിട്ടാപിരിഞ്ഞുപോയ അതിഥിയാണു്. നിങ്ങളുടെ യശസ്വികുമാരന്റെ അന്നപ്രാശമടിയന്തിരത്തിൽ സം

ബന്ധിക്കുവാൻ നാം സന്നിഹിതനായിരിക്കുന്നു. നിങ്ങളുടെ കടൽ ശാന്തസംവിനാ ഒരു മണിമന്ദിരമായി രൂപാന്തരപ്പെടട്ടെ. ദയാലേശമില്ലാത്ത ഇവിടത്തെ ധനികന്മാർ നിങ്ങളെ ഒക്കെക്കൂപ്പും. എന്തെന്നാൽ അവർ സഹിക്കാതിരുന്നു കുരുധിക്കുകയും സാധുക്കളുടെ വിയർപ്പുതുള്ളിയുടെ ഫലം അനുഭവിക്കുകയും ചെയ്യുന്നു. ഒരുമയുണ്ടെങ്കിൽ അവരിൽ പലർക്കും ഇല്ല. നാം നിങ്ങളുടെ ചക്രവർത്തിയാണെന്നു കേട്ടാൽ പ്രാണൻപോലും ഉപേക്ഷിച്ചുള്ള രാജഭക്തി പ്രദർശിപ്പിക്കും. അതുകൊണ്ടായില്ല. ഗ്രാമവാസികളുടെ ദയനീയമായ അവസ്ഥ നമുക്കു ബോധ്യമായിരിക്കുന്നു. കുഞ്ഞിന്റെ രഥത്തിൽ കയറുക.'

ഗ്രാമവാസികളും അൽഭുതപരതന്ത്രരായി. പലരും അദ്ദേഹത്തെ ഒരു ഭിക്ഷു എന്ന നിലയിൽ പരിതൃജിച്ചതിനെപ്പറ്റി കുറ്റം വല്ലാതെ ക്ലേശിച്ചു. കർഷകൻ ലജ്ജിച്ചു തലതാഴ്ത്തി. 'ആ കടലിൽ വയ്ക്കോലിനെറ പുറത്തു കിടന്നുറങ്ങിയ ഇദ്ദേഹമോ അക്ബർ ചക്രവർത്തി? അതെനിയ്ക്കു മനസ്സിലാകുവാൻപോലും പറ്റും.' അങ്ങനെ വ്യാപരിച്ചതായി. പെട്ടെന്നു സുഖശരീരിണിയായിക്കഴിഞ്ഞു. കുട്ടിക്ക് വിലയേറിയ ഉടുപ്പുകൾ നൽകി. കർഷകൻ മന്ദമന്ദം നടന്നു് ചക്രവർത്തിയെ സമീപിച്ചു് സാഷ്ടാംഗപ്രണാമം ചെയ്തിട്ടു് വിനീതനായി പറഞ്ഞു. തിരുമേനി! അടിയനെറ അജ്ഞതയെ ക്ഷമിച്ചാലും. അടിയൻ ചെയ്തതുപോലും ചെയ്തില്ല. കഴിയുന്ന വിധത്തിലെങ്കിലും അവിടുത്തെ സഹിക്കുകയോ സൽക്കരിക്കുകയോ മറ്റുമായി സംസാരിക്കുകയോ ചെയ്യാതെ അഹങ്കാരമായി വർത്തിച്ചുപോയി. ദയചെയ്തു ക്ഷമിച്ചാലും!

ചക്രവർത്തി—നിങ്ങൾ മനുഷ്യോചിതമായ ധർമ്മബോധത്തോടും പ്രതിഫലേച്ഛയോടെയും തന്നെയാണു

നമ്മെ സല്കരിച്ചു. നിങ്ങളുടെ പരിതഃസ്ഥിതികളനുസരണം മറ്റുള്ളതിൽ കൂടി അതിഥികളെ സന്തോഷം സഹിക്കരിച്ച് സൽക്കരിക്കുകയാണു ചെയ്യുന്നു. അതിനാൽ നാം സന്തുഷ്ടനായിരിക്കുന്നു. നിങ്ങളുടെ കുഞ്ഞിനെ നാം ഒരു പുത്രനായി അംഗീകരിച്ച് ഈ ഗ്രാമത്തിലെ കുറെ പിരിച്ചെടുത്തുകൊള്ളുന്നതിനുള്ള അധികാരം നൽകുന്നു.

കർഷകൻ അത്യാനന്ദനിമഗ്നനായി. അയാളുടെ നേത്രങ്ങളിൽ നിന്നു് ആനന്ദാശ്രു ധാരയായി ഒഴുകി. കുട്ടിയെ അദ്ദേഹം ഹസ്തങ്ങളിൽ വഹിച്ചു പുത്രസ്ഥാനം നൽകി. ചക്രവർത്തി കല്പിച്ചു: "നിങ്ങളുടെ അതിഥിയായിരുന്നപ്പോൾ നാം പ്രസ്താവിച്ചതോർക്കുക. 'ഈ കുഞ്ഞു് മഹാശാമിയായിരിക്കും.' അതേ, ഈ കുമാരൻ മേലിൽ ഒരു പുത്രഭാവനാനിലയിൽ ഉപചരിക്കപ്പെടും. അതിലേയ്ക്കു വേണ്ടതെല്ലാ വസ്തുക്കളും നാം ദാനം ചെയ്തിരിക്കുന്നു. വേണ്ട സ്ഥാനമാനങ്ങളും കല്പിച്ചുനല്കിക്കുന്നു." ആ സാധുവായ കർഷകന്റെ പുത്രന്റെ അന്തഃപ്രാന്തമടിയന്തിരം ഒരു പുത്രകുമാരന്റെ സ്ഥിതിക്കനുരൂപമായ നിലയിൽ നിർവഹിക്കപ്പെട്ടു. കർഷകന്റെയും ചക്രവർത്തിയുടെയും ഗുണഗണങ്ങളെ ജനത പുകഴ്ത്തിത്തുടങ്ങി.

---

9. വെളിപ്പെടാത്ത രഹസ്യം ഉണ്ടോ?

വംസുവും കീട്ടണ്ണിയും കൂട്ടുകാരാണു്. പള്ളിക്കൂടത്തിൽ മുമ്പേതെങ്കിലും സമാനം മോഷണംപോയാൽ അവരിൽ ഒരാളെങ്കിലും എടുത്തിരിക്കുമെന്നാണു സാധാരണ സംസാരം. [illegible]ടെ കുസൃതികളെ സംബന്ധിച്ചു് അദ്ദേഹം വാസിക്കുന്ന ചിലർ അല്ലാചകന്മാരോടു പരാതി പറ

യാതിരുന്നിട്ടില്ല. കിട്ടണ്ണി യാരാളും യാരുമ്മിഗിയുള്ള കുട്ടംഖത്തിലെ അംഗമാണ്. വാസു കുട്ടികളിലൊന്റെ പുത്രനാകുന്നു. പാഠങ്ങൾ പഠിച്ചുകൊണ്ടുവരാതെയിരിക്കുകമൂലം അവരെ രണ്ടുപേരെയും പലപ്പോഴും ക്ലാസിൽ നിന്നു വെളിക്കിറക്കിയിട്ടുണ്ട്. അങ്ങനെയുള്ള ഘട്ടങ്ങളിൽ വാസുവും കിട്ടണ്ണിയും സഖാക്കളായി നടന്ന് പലവിധ അനർത്ഥങ്ങളും ഉണ്ടാക്കിയിരുന്നു. സ്കൂളിനു സമീപം കുട്ടി ചെൻച്വൻഡ് സ്കൂൾമാസ്റ്റർ താമസിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ താമസം എപ്പോഴത്തിലും ഞരേണിയമായ വിധത്തിലാണ്. പറമ്പു നാലുപുറവും അടവാക്കി മൻപശുത്തു ശേറുമിട്ടാണ് വീടും പരിസരപ്രദേശങ്ങളും സൂക്ഷിച്ചിട്ടുള്ളത്. അനാവശ്യമായി ആരുടെയും പ്രവേശനമില്ല.

വാസുവും കിട്ടണ്ണിയും ആ പറമ്പിനുള്ളിൽ കടക്കുന്നതിനു പലപ്രാവശ്യം ശ്രമിച്ചിട്ടുണ്ട്. നല്ലതരം മാങ്ങാ, ഞാലിപ്പൂവൻ, കടച്ചുപ്പൂവൻ (പിറത്തിക്കായ്) മുതലായവ അവിടെ ഉള്ളതിനാലാണ് കിട്ടണ്ണി തുടങ്ങിയുള്ളവർക്ക് ആ പറമ്പിൽ കേറാൻ മോഹം. പുറത്തുനിന്ന് എറിഞ്ഞുനോക്കിയെങ്കിലും ഉദ്ദിഷ്ടഫലസിദ്ധി ഉണ്ടാവുന്നില്ലെന്നു കണ്ടു വാസു പറഞ്ഞു. "എടാ! ആ മാങ്ങാ കുന്നാന്തരം. രണ്ടുനാളെങ്കിലും കിട്ടാതെ കഴികയില്ല. ഇന്ന് ഞാൻ ഗൃഹപാഠം ചെയ്തിട്ടില്ല. ക്ലാസിൽനിന്നു വെളിക്കിറക്കും; അപ്പോൾ ഇവിടെയെത്തി മാങ്ങാപറിക്കണം, എന്താ തയ്യാറുണ്ടോ?" കിട്ടണ്ണി—ഞാൻ ഇന്നു മുഴുവൻ സമയവും ക്ലാസിനു വെളിയിൽ നിൽക്കണം. അതിനാൽ വാസുവിനോടൊന്നിച്ച് ഏതു സമയത്തും വെളിയിൽ വരുന്നതിനു് എനിക്കു സൗകര്യമുണ്ടല്ലോ.

വാസു—എന്നാൽ കായ്യം പറയിച്ചുതരാമെന്നു പറഞ്ഞു മാസ്റ്റരുടെ മാവിലെ മാങ്ങാ പറിച്ചു് ഇന്നു കൈയിൽ.

കിട്ടണ്ണി—മാസ്റ്റർ സമ്മതിച്ചോ തോട്ടത്തിൽ ചുറ്റിനടക്കുകയാണല്ലോ; ഇതെല്ലാം ആരു കണ്ടുപിടിക്കും.

വാസു—തിന്നുതീർക്കുകയോ? നല്ല വിലയുള്ള മുഴുവൻ വില്ക്കുകയല്ലേ. നല്ല പരിഷ്കൃത രീതിയിലാണു് അദ്ദേഹത്തിന്റെ കൃഷി.

കിട്ടണ്ണി—അതേ, അതേ! കാരേ മാവിലും തെങ്ങിലും കമുകിലും കിടക്കുന്ന കലകളം കണ്ടില്ലേ. മാസ്റ്റർ ഉകൽ ഉറങ്ങുന്ന സമയം നോക്കിവേണം നമുക്കു തോട്ടത്തിൽ കയറാൻ.

വാസു—ഊണുകഴിഞ്ഞു് മദ്ധ്യാഹ്നത്തിനു ശേഷം അദ്ദേഹം ഉറങ്ങാറുണ്ടു്. അതിനാൽ രണ്ടുമണിക്കു് നമുക്കു വിടരേയെത്തണം.

ഇങ്ങനെ ആലോചിച്ചുകൊണ്ടാണു് അവർ സ്കൂളിൽ പ്രവേശിച്ചതു്. കുറേനേരം അവർ ക്ലാസിലിരുന്നു. മദ്ധ്യാഹ്നത്തിനുശേഷം അവർ ക്ലാസിൽ വന്നതായില്ല. നേരത്തേ ആലോചിച്ചുറപ്പിച്ചപോലെ മാസ്റ്ററുടെ പറമ്പിൽ കയറി മാങ്ങാ പറിക്കുവാൻ ഒരുമ്പെട്ടു. കയ്യാല വളരെ പൊക്കിയാണു് സ്ഥിതിചെയ്യുന്നതു്. വാസു കയ്യാലയുടെ പുറത്തിട്ടു് അയാൾ കയ്യാലയോടു ചേർന്നു നിന്നു. അയാളുടെ തോളിന്മേൽ കയറി കിട്ടണ്ണി കയ്യാലയുടെ മേൽപ്പുറത്തേക്കുയരുന്നതിനു് വാസു തോളൊന്നു പുറത്തു. കിട്ടണ്ണി വാസുവിന്റെ മടിയും പ്രയോജനപ്പെടുത്തി മുകളിലേയ്ക്കു ശ്രമിക്കുകയായി. രണ്ടു മൂന്നു പ്രാവശ്യത്തെ അതുദ്ധ്യമത്തിനു ശേഷം കിട്ടണ്ണി കയ്യാല കടന്നു.

മാങ്ങാ പറിക്കാൻ യാതൊരു പ്രയാസവുമില്ലെന്നു കണ്ടു് അയാൾ വേഗം മാവിനോടു സമീപിച്ചു. രണ്ടു മൂന്നു കല മാങ്ങാ തെരയ്ക്കൂലാക്കി. അപ്പോൾ ഒരു കടിയൻ പട്ടി 'ഭോ ഭോ' എന്നു് ഭീകരസ്വരത്തിൽ കുരച്ചു കൊണ്ടു് കിട്ടണ്ണിയോടു സമീപിച്ചു. അയാൾ രണ്ടാം മുണ്ടിൽ മാങ്ങാ ഇട്ടിട്ടു് വേഗം കാടി കയ്യാല ചാടി; 'ദൈവഗത്യാ കാലൊടിഞ്ഞില്ല' എന്നു പറഞ്ഞു് അയാളും വാസുവും നടന്നു.

ഏതാനും ആഴ്ചവട്ടം കഴിഞ്ഞപ്പോൾ ആ സ്കൂളിലെ വിദ്യാർത്ഥിസമാജത്തിന്റെ വാർഷികദിനമഹോത്സവമായി. പെൻഷൻഡ് സ്കൂൾമാസ്റ്റർ സദാനന്ദൻ അവർകൾ ബി. എ. എൽ. റ്റി. യെ അദ്ധ്യക്ഷപദത്തിലേക്കു ക്ഷണിച്ചു. അദ്ദേഹം ആ ക്ഷണനത്തെ സസന്തോഷം സ്വീകരിക്കുന്നുമുണ്ടായി. ഒരു ഗ്രന്ഥകാരൻ, നിയമസഭാംഗം, സമുദായപ്രവർത്തകൻ, വിദ്യാഭ്യാസക്കമ്മറ്റിയംഗം, പാഠപുസ്തകക്കമ്മറ്റിയംഗം, ഒന്നാന്തരം വാഗ്മി, നല്ലൊരു ചിന്തകൻ, മുനിസിപ്പാലിറ്റി അമ്പർ തുടങ്ങിയുള്ള പല സ്ഥാനങ്ങളിൽ അദ്ദേഹത്തിനു് പേരും പെരുമയും ഉണ്ടു്. ഒരു മാതൃകാ കർഷകൻ എന്ന നിലയിൽ ലളിതജീവിതം നയിക്കുന്നതിനാണു് പാർലമെന്ററികാലത്തെ അദ്ദേഹം വിനിയോഗിച്ചു പോരുന്നതു്. ഈ തത്തിലെ പുരാതന ആശ്രമജീവിതത്തെ ആശ്രയിക്കിയാണു് അദ്ദേഹം അവസാനകാലം നയിക്കുന്നതു്. 'മാസ്റ്റർ ആനന്ദൻ' എന്നുകേട്ടാൽ ഏവരും തലകുനിച്ചാദരിക്കും. അതിനാൽ അദ്ദേഹത്തെ അദ്ധ്യക്ഷനായി വരിച്ചതു് ഏറ്റവും സന്തോഷമുള്ള ഒരു കാര്യമായിട്ടാണു് ഏവരും വിശിഷ്യ, പാഠശാലാപ്രവർത്തകന്മാർ ഏവരും വിചാരിച്ചിട്ടുള്ളതു്. യഥാകാലം സമ്മേളന നടപടി ആരംഭിച്ചു.

അദ്ധ്യാപകൻ ഉപക്രമപ്രസംഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങളും എന്തെല്ലാം ആകർഷകമായ നിലയിൽ ക്രോഡീകരിച്ചിരുന്നു.

(1) ഏവരും എന്നും വിദ്യാർത്ഥികളാണു്; പ്രായമാണു് ഏറ്റവും വലിയ അദ്ധ്യാപകൻ.

(2) മനുഷ്യൻ മനുഷ്യനായി ജീവിക്കുന്നതിനാണു് പഠിക്കേണ്ടതു്. അതിനേക്കാൾ വലിയ കാര്യം പഠിത്തമില്ല.

(3) വിദ്യാഭ്യാസത്തിന്റെ പ്രധാനോദ്ദേശം ഈശ്വരനെപ്പറ്റി ഗ്രഹിക്കുകയെന്നുള്ളതാണു്. ആസ്തിക്യബോധംകൂടാതെയുള്ള ജീവിതമാണു് നരകജീവിതം.

(4) ഈശ്വരവിശ്വാസം ഉണ്ടാവണമെങ്കിൽ ഉത്തമമായ കായ്ക്കരം ചിന്തിക്കണം. അതിനനുസരണമായി ജീവിക്കണം. അതിനായിട്ടാണു് ഭഗവാൻ നമുക്കു് ബുദ്ധി നൽകിയിരിക്കുന്നതു്. സൽബുദ്ധിയുടെ സ്വരൂപമാണു് വിവേകം.

(5) വിവേകമാണു് നമ്മെ വഴിനടത്തുന്ന ദീപം. ആ വെളിച്ചംകൂടാതെ നന്മ ചെയ്യുവാൻ നമുക്കു കഴിയുകയില്ല. വിവേകമില്ലാത്തവൻ അന്ധനാണു് സാക്ഷാൽ അന്ധൻ.

(6) അതിനാൽ ഗുരുവിനെ സമീപിച്ചു് നാം വിവേകത്തെ വെളിച്ചം സമ്പാദിക്കണം. അതിനായി പാഠശാലകളും സ്ഥാപിച്ചു് ഗുരുക്കന്മാരെ നിയമിച്ചിരിക്കുന്നു. ഗു=ഇരുട്ടു്, രു=രോധിക്കുന്നവൻ. അജ്ഞാനമാകുന്ന ഇരുട്ടിനെ ജ്ഞാനശക്തി വിവേകത്തെ വളർത്തുന്നതാരോ, അതാണു് ഗുരു.

(7) ഗുരുവിൽനിന്നും വിവേകം സമ്പാദിക്കുന്നതായാണു് വിദ്യാർത്ഥി. ഈ വിദ്യാർത്ഥിയുടെ ചുമതല വിവേകം സമ്പാദിച്ചു് മനുഷ്യനായി ജീവിക്കുകയാണു്.

(8) വിവേകമാകുന്ന ദീപത്തിന്റെ പ്രകാശമാണ് സത്യം, സ്നേഹം, ദയ, പരോപകാരചിന്ത മുതലായവ. അവ വിദ്യാർത്ഥികളാകുന്നവരിൽ പ്രകാശിക്കണം.

(9) ഈ കാര്യങ്ങളെ ശ്രദ്ധിച്ച് അതിനനുസരണമായി ജീവിതം നയിക്കുന്ന ഒരു വിദ്യാർത്ഥി, ലോകത്തിന് ഒരനുഗ്രഹമാണ്. അല്ലാത്തവരാകട്ടെ ലോകോപദ്രവിയായിത്തീരും.

(10) മോഷണം, വ്യാജപ്രസ്താവന, ചതി, അഹങ്കാരം, അശ്രദ്ധ മുതലായവ മനുഷ്യനെ പിഴുതെറിയണം. അതിനാൽ ദോഷകരമായ സകലതിനേയും ഉപേക്ഷിക്കുന്നതിന് നിങ്ങൾ അതിയായ ശ്രമിക്കണം.

തുടർന്നുണ്ടായ മറ്റു പ്രസംഗങ്ങളിലും മേൽ പറഞ്ഞ കാര്യങ്ങൾ അന്തർഭവിച്ചിരുന്നു. അന്നത്തെ യോഗനടപടികൾ മംഗളമായി അവസാനിച്ചു. പ്രസിദ്ധനായിരുന്ന മാസ്റ്റർ സഭാനന്തരം തന്റെ ഗൃഹത്തിൽ ചെന്നാൽ വിദ്യാർത്ഥികൾക്ക് പലപ്പോഴും ചിത്രങ്ങൾ ഫോട്ടോകൾ മുതലായവ കാണ്മാൻ സൗകര്യമുണ്ടായിരിക്കുമെന്ന് അദ്ദേഹം പ്രസംഗമദ്ധ്യേ പ്രസ്താവിച്ചിരുന്നു.

പിറേദിവസംമുതൽ കുട്ടികൾ 'സഭാനന്ദവിലാസം' ഗൃഹത്തിലെത്തി ചിത്രങ്ങളും മറ്റും കണ്ടു തുടങ്ങുകയും ചെയ്തു. ആ കൂട്ടത്തിൽ രണ്ടു കുട്ടികൾ മോഷണം നടത്തുന്നതു സംബന്ധിച്ചുള്ള ചിത്രങ്ങൾ ഫോട്ടോകളും അവർ കാണുകയുണ്ടായി. കിട്ടണ്ണിയുടെയും വാസുവിന്റെയും മനസ്സിൽ വ്യസനമായിരുന്നു. അവർ ആരാണെന്നോ എന്തു ചെയ്യുകയാണെന്നോ മാസ്റ്റർ ആ കുട്ടികളോടു പറഞ്ഞില്ല. യഥാകാലം കിട്ടണ്ണിയുടെയും വാസുവിന്റെയും മാതാപിതാക്കന്മാർ ആ കാര്യം ഗ്രഹിച്ചു. കിട്ടണ്ണിയുടെയും കൂട്ടി

മരുദിവസം അയാളുടെ അച്ഛൻ മാസ്റ്ററുടെ ഗൃഹത്തി
ലെത്തി. ആഗതൻ പല ചിത്രങ്ങളുടെ കൂട്ടത്തിൽ നപു
ത്രൻ വാസുവിനോടൊന്നിച്ചു കാണിക്കുന്ന മോഷണ കൃത്യം
സംബന്ധിച്ച ഫോട്ടോ കണ്ടു. ആ കുഴപ്പം അയാളുടെ ഹൃദ
യത്തിൽ ഒരു ക്രൗര്യ തരംഗമുണ്ടാക്കി. മാസ്റ്റർ
കിട്ടണ്ണിയെ വിളിച്ചു പറഞ്ഞു. വത്സാ! നിന്റെ ദുഷ്കൃ
ത്യം കണ്ടു് നിന്റെ അച്ഛൻ നന്നേ ക്ലേശിക്കുന്നു. നിങ്ങൾ
എത്ര രഹസ്യമായി ചെയ്ത കൃത്യം; അതു് എത്ര പരസ്യ
മായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. കണ്ടോ! ഒളിപ്പെടാത്ത
രഹസ്യം ഉണ്ടോ? നീ വിവേകമുള്ളവനായി ജീവിക്കണം.
ദുഷ്ടസംസർഗ്ഗം അരുതു്.'

അന്നുമുതൽ വാസുവുമായിട്ടുള്ള സംസർഗ്ഗം കിട്ടണ്ണി
നിറുത്തി. അയാൾ സോത്സാഹം പഠിച്ചു. എന്തെങ്കിലും
തൊഴിലുചെയ്യണമെന്ന മോഹം ഉദിക്കുമ്പോൾ ഫോട്ടോ
യുടെ കാര്യം അയാളുടെ സ്മൃതിപഥത്തിലെത്തും.
'ഒളിപ്പെടാത്ത രഹസ്യം ഉണ്ടോ?' എന്നുള്ള പ്രശ്നം
പലവിധ ദുഷ്കർമ്മങ്ങളിൽനിന്നു് അയാളെ വിരമിപ്പിച്ചു.
പിന്നീടു് വാസു അയാളെ പലവിധത്തിൽ ഉപദ്രവിച്ചു.
അയാൾ അതു് ക്ഷമാപൂർവ്വം സഹിച്ചു് ജീവിതം നയിച്ചു.
ഒടുവിൽ കിട്ടണ്ണി ഉന്നതമായ ഒരു സ്ഥാനത്തെത്തി. വാസു
പല വിധത്തിൽ നാട്ടുകാർക്കു ഉപദ്രവകാരിയായിത്തീർന്നു.
അയാൾ ഒടുവിൽ കടവു ശിക്ഷ അനുഭവിച്ചു.

---

10 പിതാവു് വാഗ്ദാനംചെയ്ത നിധി

'രാമരാസു' എന്നാരു സാധുവായ കർഷകൻ
രോഗിയായിത്തീർന്നു. 'മണിഗ്രാമം' എന്ന പ്രദേശത്തെ
ഏകദേശം അമ്പതാളുകൾ 'നീതിമാനായ കർഷകൻ' എന്നാണു്

താമസമെന്നു ചെയ്തിരുന്നതു്. തന്റെ കൃഷിസ്ഥലം മോഗ്യമാംവണ്ണം കൃഷിചെയ്യുന്നതിലേയ്ക്കു് അഴത്തിൽ കിളയ്ക്കയോ മുഴക്കയോ ചെയ്യുന്നതിനു് അയാൾ അത്യുത്സാഹം ചെയ്തിട്ടുണ്ടു്. അപ്രകാരമെല്ലാമെന്നു തന്നായി ഉരമിട്ടുണ്ടതിനും വേനൽക്കാലത്തു് കൃഷിക്കു ജലസേചനം നടത്തുന്നതിനും രാമൻനായർ സദാ ജാഗ്രതകനായിരുന്നു. അയാൾ ഒരു ധനികനോ വലിയ കർഷകനോ ആയിരുന്നില്ലെങ്കിലും, അയാളുടെ അത്യാവശ്യച്ചെലവിലേയ്ക്കുള്ള പണം കടം വാങ്ങാതെ വ്യയംചെയ്യുന്നതിനു വേണ്ട ആദായം കൃഷിയിൽനിന്നും ലഭിക്കുകയുണ്ടായി. അതിനെക്കാൾ വയിച്ചുതോതിൽ കൃഷിപ്പണി നടത്തിപ്പോന്ന പലരും കടംകൊണ്ടു കഷ്ടപ്പെട്ടകാലത്തും രാമൻനായർക്കു പണത്തിനു ഉർദ്ധിക്ഷം ഉണ്ടായില്ല. പലർക്കും താതൊരു അത്ഭുതവാർത്തയായിരുന്നു. പണം കടം വാങ്ങാതെ കഴിയുന്നതിലേയ്ക്കു് അയാൾ അത്രോളം ശ്രമിക്കയുണ്ടായി. കടം വാങ്ങിക്കുകമൂലം പല കൃഷിക്കാരും കടക്കാരായിത്തീർന്ന എന്നുള്ള സംഗതി അയാൾക്കറിയാമായിരുന്നതിനാലാണു് കടംവാങ്ങാതെ കഴിയണമെന്നുള്ള പ്രമാണം സ്വീകരിച്ചിരുന്നതു്. കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നതും കാലോ കൃഷിയും നോക്കി അവയ്ക്കു വേണ്ട ശുശ്രൂഷ ചെയ്യുന്നതും രാമൻനായർക്കു പ്രധാനമായ ആനന്ദജനകമായ ഒരു കൃത്യമായിരുന്നു. മന്യുമായും മയ്യുമായും ജീവിതം കഴിച്ചുതിനാലാണു് നാട്ടാർ ആ പാവപ്പെട്ട കർഷകനെ 'നീതിമാനായ കർഷകൻ' എന്നുവിളിച്ചുപോന്നതു്.

രാമൻനായർ രോഗിയായപ്പോൾ തന്റെ ഭാര്യയുടെ കൃഷിസ്ഥലത്തേക്കയച്ചു് ജോലി ചെയ്യിക്കുവാൻ വേണ്ട ആലോചനകൾ പറഞ്ഞുകൊടുക്കുകയും ചെയ്തു-

അവർക്കു സാമാന്യവിദ്യാഭ്യാസമുണ്ട്. വായിക്കുവാനും എഴുതുവാനും കണക്കു കൂട്ടുവാനും അവർക്കറിയാം. എങ്കിൽ കഴിയുന്നതും മടിയന്മാരായി ജീവിതം നയിക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശം. അവരുടെ കൃഷിസ്ഥലം ഒന്നാന്തരം വിളഭൂമിയാണെന്നും, യാതൊരു ശ്രമവും ചെയ്യാതെ വേണ്ട ഫലം ലഭിക്കുമെന്നുമായിരുന്നു അവരുടെ ധാരണ. പുത്രന്മാർ അലസന്മാരാണെന്നുള്ള യഥാർത്ഥം അപ്പൻ നേരത്തെ ഗ്രഹിക്കാതിരുന്നില്ല. അതിനാൽ അവരെ ചരിത്രമശീലന്മാരാക്കിത്തീർക്കുന്നതിനുള്ള ഉപായങ്ങൾ പ്പോറി മേടോസ് നേരത്തെ ചിന്തിക്കുകയുണ്ടായി. ക്രമേണ രാമോസിന്റെ രോഗം വർദ്ധിച്ചു. ഒരു ദിവസം പിതാവ് പുത്രന്മാരോടു പറഞ്ഞു.

'വത്സലപുത്രന്മാരെ, ഞാൻ അസന്നമരണനായിരിക്കുന്നു. ഇപ്പോൾ വയസ്സ് 68 കഴിഞ്ഞു. ഞാൻ വാതരോഗിയായിത്തീർന്നിരിക്കുന്നു എന്നു നിങ്ങൾക്കറിയാം. എന്റെ ആരോഗ്യവും ശക്തിയും നഷ്ടപ്പെട്ടു. ഇനിയും പേടപ്പെടുന്നതിനുള്ള പ്രാപ്തി എനിക്കു ലഭിക്കുകയില്ല. ഞാൻ ജീവിച്ചകാലത്തു് മാന്യമായി കൃഷിജോലിമൂലം കാലയാപനം ചെയ്തു. എന്റെ കുടുംബസംരക്ഷണത്തിനു് അതു മതിയായ ഒരു തൊഴിലായിരുന്നു. നിങ്ങൾക്കും ആ തൊഴിൽ ചെയ്യാം. അതിൽ അല്പമായ പരിശീലനം നിങ്ങൾക്കു ഞാൻ നൽകിയിട്ടുണ്ടു്. എന്നാൽ നിങ്ങൾ അതിൽ അത്രയൊന്നു ശ്രദ്ധിച്ചിരുന്നില്ല. കഴിഞ്ഞതിനെപ്പറ്റി ഖേദിച്ചിട്ടു പ്രയോജനമില്ല. ഭാവികാലത്തെ ശരിയായി വ്യയം ചെയ്യുക. നിങ്ങൾ യോഗ്യമായ നിലയിൽ ജീവിക്കുന്നതിനു് ചില കാര്യങ്ങൾ നിങ്ങളെ ഞാൻ വിണ്ടും കാണിക്കാം. ഞാൻ എന്റെ ജോലിയെപ്പറ്റി അല്പം കാര്യം പിന്നീടു പറയാം. ഞാൻ മരിച്ചുപോയാൽ വ്യാജം പറ

ഞ്ഞിട്ടില്ല. ഈ നൂറുരൂപ വസ്തുക്കളെ ഞാൻ മോഷ്ടിച്ചിട്ടില്ലെന്നു പറയാം. ആരോടും പിണങ്ങാതെ കഴിഞ്ഞു. അനാവശ്യമായി ധനം ചെലവു ചെയ്തിട്ടില്ല. സ്വന്തം പ്രയത്നപരിശ്രമങ്ങളോടുകൂടിയാണു് ഞാൻ കാലയാപനം ചെയ്തിട്ടുള്ളതു്. സാധുജനങ്ങളോടു കഴിയുന്നതു് അനുഭാവപൂർവ്വം വർത്തിക്കുന്നതിനു് ജാഗ്രത പ്രദർശിപ്പിച്ചിട്ടുണ്ടു്. ഉദരപൂരണാർത്ഥം മാത്രമല്ല ഞാൻ ശ്രമിച്ചിരുന്നതു്. മണിഗ്രാമം വകയായി സമാരംഭിച്ചിട്ടുള്ള പുസ്തകശാലയിൽ നിന്നു് ഏഴുതോരം നല്ല പുസ്തകങ്ങളെടുത്തു വായിക്കുന്നതിനും, വർത്തമാനപ്പത്രങ്ങളും ക്രമമായി പാരായണം ചെയ്യുന്നതിനും ശ്രമിച്ചിരുന്നു. തന്നിമിത്തം സാമാന്യമായ ലോകപരിചയം എനിക്കുണ്ടു്. എനിക്കു ലഭിച്ചിട്ടുള്ള സമയമെന്ന ധനത്തെ മഹാരാജ്ഞാനനിധികളേയും കാര്യം കൂടുതൽ പ്രയോജനകരമാക്കുവാൻ ഞാൻ അശ്രാന്തപരിശ്രമം ചെയ്തു. നിങ്ങൾ സദ്വൃത്തനായി വളർന്നു് മാന്യമായി ജീവിതം നയിച്ചുകാണ്മാൻ ഞാൻ അതിവാഞ്ഛിക്കുന്നു എന്നിൽനിന്നു ലഭിച്ചിട്ടുള്ള ഉപദേശങ്ങളെ നിങ്ങൾ അനുസരിച്ചു പ്രവർത്തിച്ചാൽ ഗന്ധർവ്വൻ; അല്ലെങ്കിൽ വിപത്തു സംഭവിക്കാം.'

'ഇനിയും ഒരു പ്രധാനകാര്യത്തിനെപ്പറ്റി ഞാൻ നിങ്ങളെ ഉപദേശിക്കേണ്ടതുണ്ടു്. ചിലപ്പോൾ നിങ്ങൾ പരസ്പരം മത്സരിക്കുന്നതു കണ്ടിട്ടുണ്ടു്. എനിക്കു് അത്യുത്സാഹമായ വേദനയെ ഉളവാക്കുന്നതിനുതിട്ടില്ല. പത്തു വർഷത്തിനുമുമ്പു് നിങ്ങളുടെ മാതാവു് ജീവിതയായിരുന്നു. നൊന്തു പെറ്റ മഹത്തായ അനുകമ്പയ്ക്കു കഴിയുന്ന കാലം നീട്ടിയിരിക്കുന്നു. നിങ്ങൾ തമ്മിൽത്തമ്മിൽ പിണങ്ങിയാൽ മേലിൽ ആരാണു് സമാധാനപ്പെടുത്തുക? നിങ്ങൾ പോയി ഒരുകെട്ടു മുള്ളിൽ കൊണ്ടുവരണം.'

പിതാവിന്റെ രോഗബാധ മാറ്റുവാൻ തീർത്ഥയാത്രയിലേയ്ക്ക് ചുമ്മിൽ ആവശ്യമാണെന്നു ധരിച്ച് പുത്രന്മാർ ക്ഷണം കേട്ടകേട്ട ചുമ്മിൽ കൊണ്ടുവന്നു.

അച്ഛൻ—ഇത്രവേഗം ചുമ്മിൽ കൊണ്ടുവന്നോ മക്കളേ!

മക്കൾ—ഞങ്ങൾ ആരോ മരത്തിൽകയറി വേഗം കെടിച്ചുകൊണ്ടു വന്നതാണ് ഇതു്.

അച്ഛൻ—'കുത്തുപിടിച്ചാൽ മലയും നിങ്ങും'. നന്നു്. നിങ്ങൾ നോക്കിച്ചു വഞ്ചിച്ചു അതിനാൽ ഈ കായ്യം ക്ഷണം സാധിച്ചു; ആയിട്ടെ; ഈ ചുമ്മിൽക്കെട്ടു് കെടിക്കണം.

അവർ കെടിക്കാൻ നോക്കി. അവർക്കു് അതസാദ്ധ്യമാണെന്നു പിതാവിനോടു പറഞ്ഞു. അനന്തരം 'കയറുനായി എടുത്തു് കെടിക്കാമോ എന്നു പരീക്ഷിക്കുക' എന്നു പറയുകയുണ്ടായി. അവർ അപ്രകാരം ചെയ്തു. 'ഐകമത്യം മഹാബലം' എന്നു നിങ്ങൾക്കു ബോദ്ധ്യമായോ? എന്നു പിതാവു ചോദിച്ചു. അവർ അതുസമ്മതിക്കുകയുണ്ടായി.

രാമദാസു് മരിച്ചു. പിന്നീടവിടെ വിദ്വേഷം മൂലം പുത്രന്മാർ അന്യോന്യം യുദ്ധംചെയ്യുകയുണ്ടായി. 'അച്ഛൻ വാശ്യമായി ചെയ്ത നിധി' കണ്ടുപിടിക്കുവാൻ അവർ നന്നേ ശ്രമിച്ചു. 'കഷ്ടം! നിധി കിട്ടിയില്ലല്ലോ' എന്നു പറഞ്ഞു് അവർ ക്ലേശിച്ചുവശായി. ഉപജീവനത്തിനു മാറു മാർഗ്ഗമില്ലായ്കയാൽ അവരിൽ രണ്ടുപേർ കൃഷി ചെയ്യുന്നുണ്ടു്. കൃഷിക്കു മുമ്പേ അവർ 'പിതാവു് വാശ്യമായി ചെയ്ത നിധി' കണ്ടുപിടിക്കുന്നതിനായി നിലം ആഴത്തിൽ കിളയ്ക്കുകയോ ഉഴുകയോ പതിവായിരുന്നു. അവരുടെ കൃഷി മറ്റുള്ളവരുടെ കൃഷിയെ അപേക്ഷിച്ചു് എന്നും വിശേഷതരമാ

യിത്തീർക്ക പതിവാണ്. മറവ രണ്ടു പേരും ക്രമമായി കിളയ്ക്കുകയോ, കൃഷിചെയ്യുകയോ, വല്ലതും കൃഷിയിറക്കിയാൽ ശരിക്കു വളമിടുകയോ ചെയ്യാതെ കഴിയുകയാൽ അവക്ക് യാതൊരാദായവും ലഭിക്കാതായി. ക്രമേണ കടം വാങ്ങി അവർ കഴിഞ്ഞു.

രണ്ടു സഹോദരന്മാർക്ക് കൃഷിയിൽ നിന്നും ഒടായം കിട്ടുന്നുണ്ട്. നിധി വളരെ ആഴത്തിൽ കഴിച്ചുവച്ചിരിക്കയാണെന്നും, യോജിച്ചു പ്രയത്നിച്ചാൽ ആ നിധി മുഴുവനോ അംശമായോ ലഭിക്കുമെന്നും അച്ഛൻ പറഞ്ഞിട്ടുള്ള വാക്കുകൾ മറവ പുത്രന്മാർ രണ്ടുപേരും അനുസ്മരിക്കയുണ്ടായി, പിതാവു മരിച്ചിട്ട് പത്തു വർഷം കഴിഞ്ഞു. അധ്വാനിച്ച സോദരന്മാർ രണ്ടുപേരും പുതിയ വസ്ത്രങ്ങൾ സമ്പാദിച്ചു. വേണ്ട കൃഷിയായുധങ്ങൾ വാങ്ങി. സാമാന്യം നല്ല വീടുകൾ പണി ചെയ്യിച്ചു. ഇതൊക്കെ സാധിച്ചതു് അവക്ക് നിധി കിട്ടിയതു കൊണ്ടായിരിക്കണം എന്നു വിചാരിച്ച് അപരന്മാർ നിലം ഇളക്കിത്തുടങ്ങി. ക്രമേണ കൃഷിയും നടത്തിപ്പോന്നു. നാലുവർഷം കഴിഞ്ഞപ്പോൾ അവരുടെ കടം വീട്ടുവാൻ കഴിഞ്ഞു. തുടർന്ന് ഭൂമിയിളക്കി കൃഷിചെയ്യുന്നതിനു പഠിക്കുകയാൽ അവർ അന്യോന്യം ചെയ്ത അവരുടെ ശ്രമം നിഷ്ഫലമല്ലെന്നു ബോദ്ധ്യമായി.

ഇതെങ്ങനെ സംഭവിച്ചിരുന്നെങ്കിൽ മറവ സോദരന്മാരുപ്പാലെ അവർക്കും അധ്വാനത്തിനു പകരം സമ്പാദിക്കാമായിരുന്നു എന്നുള്ള യഥാർത്ഥം ആ അലസന്മാർ രണ്ടുപേരും ഗ്രഹിച്ചു കൊടുത്താൽ 'പിതാവു് വശാനം ചെയ്ത നിധി' എന്താണെന്ന് അവർക്കു മനസ്സിലായി. അവർ നാലുപേരും കൃഷിതന്നെ ഒരുമിച്ചു് ധാരാളം

ധനം അർജ്ജിക്കുന്നതിന്റെ രഹസ്യം ആ രാജ്യ നിവാസികൾ ഗ്രഹിച്ചു. അതോടുകൂടി രാമരാജ്യത്തിന്റെയും പുത്രന്മാരുടെയും വിജയ ജീവിതത്തിന്റെ മാറ്റുരക്കുന്ന മറ്റൊരു രാമായണം അനുകരിച്ചു. അങ്ങനെ സാധുവായ കർഷകന്റെ നാമം ആ ഗ്രാമവാസികൾക്ക് ആനന്ദസന്ദായകമായിത്തീർന്നു.

ശുഭമസ്തു

ലളിതകഥാമാല

വിദ്വാൻ, വി. ഗോ. ഡേവിഡിസ്സ൯

മറ്റു കൃതികൾ

എല്ലാത്തിനും ശബ്ദമനോഹരിയായ ഗാനം ഉണ്ട്

കാമനബോധിക	8	ണ.
ധർമ്മവേരി	12	,,
കടലിൽ നിന്നും കരയ്ക്കുയരുന്നതിനെപ്പറ്റി	6	,,
ആദർശ മാതൃക	8	,,
ധർമ്മിഷ്ഠ൯ (പുതിയ പതിപ്പു)	12	,,
സന്തുഷ്ട സോപാനം	6	,,
സഞ്ചിതകഥകൾ	5	,,
ആധുനിക തിരുവിതാംകൂർ	2-0-0	
കോമള കഥകൾ	7	,,
ആദർശചരിതാമൃതം	8	,,

കൂടുതൽ വിവരങ്ങൾക്കു നേരിട്ടെഴുതുക.

മാനേജർ,

വിദ്യാവിലാസം ബുക്കഡിപ്പോ,

കുമ്പനാട്ടപ്പള്ളി.